# എം എം ജി എച്ച് എസ്
# കാപ്പിസെറ്റ്

# *DIGI KIDS*

LITTLE KITES 2022-25





## ആശംസ

MMGHS കാപ്പിസെറ്റിൽ 2023-2024 അധ്യായന വർഷത്തെ ലിറ്റിൽ കൈറ്റിന്റെ ഡിജിറ്റൽ മാഗസിനായ 'ഡിജി കിഡ്സ് '-ന് എല്ലാവിധ ആശംസകളും നേരുന്നു.

സദൻ ടി .പി
ഹെഡ്മാസ്റ്റർ



# ആശംസ

2023-2024 അധ്യായന വർഷത്തെ MMGHS കാപ്പിസെറ്റിലെ ലിറ്റിൽ കൈറ്റ് വിദ്യാർത്ഥികളുടെ ഡിജിറ്റൽ മാസികയായ 'ഡിജി കിഡ്സ് ' - ന് എല്ലാവിധ ആശംസകളും നേരുന്നു. ഇതിന് പിന്നിൽ പ്രവർത്തിച്ച അധ്യാപകർക്കും, വിദ്യാർത്ഥികൾക്കും ഹൃദയം നിറഞ്ഞ അനുമോദനങ്ങൾ അർപ്പിക്കുന്നു.

-മാർഗരറ്റ് മാനുവൽ
സീനിയർ അസിസ്റ്റന്റ്

## ഉള്ളടക്കം


1. ബിരിയാണി-ആസ്വാദനക്കുറിപ്പ് 5 – 8
2. അതിരുകൾക്കതീതമായ അവളുടെ സ്വപ്നങ്ങൾ 9 – 11
3. തീരത്തെ നിലാവ് 12 -13
4. വിദ്യാർത്ഥികളുടെ മോഹങ്ങൾ 14 - 15
5. ജീവനായ മലരേ 16 - 17
6. അന്നും ഇന്നും 18 - 19
7. എന്റെ യാത്ര 20
8. സഫലമാംയാത്ര 21
9. മലയാളത്തിന്റെ ശാഖകൾ 22 - 29
10. ജീവന്റെ യാത്ര 30 - 31
11. മകളെ മാപ്പ് 32
12. സ്വപ്നങ്ങൾ 33 - 34
13. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലെ വഴിത്തിരുവുകൾ 35 - 36
14. മതിലുകൾ കെട്ടി മഴവില്ലു വരക്കുന്നവർ 37 - 38
15. ഉപന്യാസം-മാതൃഭാഷയുടെ പ്രാധാന്യം 39 - 40
16. യാത്ര 41
17. എന്റെ മലയാളം 42

# ബിരിയാണി-ആസ്വാദനക്കുറിപ്പ്

പ്രശസ്ത കഥാകൃത്തുക്കളിലൊരാളായ സന്തോഷ് എച്ചിക്കാനത്തിന്റെ ബിരിയാണി എന്ന ചെറുകഥക്ക് നെഞ്ചുനീറുന്ന ദാരിദ്രത്തിന്റെ കഥ പറയാനുണ്ട്. വേദനയും,പട്ടിണിയും,ദാരിദ്രവും,മരണവും ഈ ചെറുകഥയുടെ ഓരോ മുഖങ്ങളാണ്. ഗൾഫിൽ പോകുന്ന ഏതൊരു മലയാളികളുടെയും അവസ്ഥ തന്നെയാണ് സ്വന്തം ഊരും പേരും വിട്ട് കേരളത്തിലേക്ക് വരുന്ന അതിഥിത്തൊഴിലാളികളുടേതെന്ന് പലപ്പോഴും നമ്മൾ മറന്നുപോകുന്നു.2016ൽ പ്രസിദ്ധീകരിച്ച ബിരിയാണി എന്ന ചെറുകഥ മലയാള ചെറുകഥാപ്രേമികളിൽ ഒരു തരംഗം തന്നെ സൃഷ്ടിച്ചിട്ടുണ്ട്.ചെറുകഥാവായനക്കാരിൽ ഇപ്പോഴും ബിരിയാണി ഒരു വേദനയായി തങ്ങിനിൽക്കുന്നു.ഗോപാൽ യാദവാണ് നമ്മുടെ മുഖ്യ കഥാപാത്രം.കലന്തൻ ഹാജി,രാമചന്ദ്രൻ,അസൈനാർച്ച, സിനാൻ തുടങ്ങിയവരെയും നമുക്കീ ചെറുകഥയിൽ കാണാം.മലയാളികൾ അലസന്മാരായിത്തീരുന്ന ഈ കാലത്ത് ബംഗാളിൽ നിന്നും ബീഹാറിൽ നിന്നും ഒക്കെ വരുന്ന അതിഥിത്തൊഴിലാകളാണ് നമുക്കഭയം.തന്റെ കുടുംബത്തിന്റെ ദാരിദ്രം മാറ്റി യാതൊരുല്ലലുമില്ലാതെ പുലർന്നുപോകാനാണ് ഓരോ അതിഥിത്തൊഴിലാളികളും കേരളത്തിലേക്ക് വണ്ടികയറുന്നത്.എന്നാൽ ഇവിടെ വന്നാലോ എല്ലുമുറിയെ പണിയെടുത്താലും വെറും തുച്ഛമായ കൂലിയാണ് ലഭിക്കുന്നത്.ആത്മാർഥമായി പണിയെടുക്കാത്ത മലയാളിക്കോ വൻ തുക കൂലി.എത്ര തുച്ഛമായ കൂലി കിട്ടിയാലും അതിഥിത്തൊഴിലാളികൾ മുഖം കറുപ്പിക്കുകയോ വിലപേശുകയോ ചെയ്യാറില്ല.ഒരു പക്ഷേ മലയാളികളേക്കാൾ കേരളസംസ്കാരം മനസ്സിലാക്കുകയും പാലിക്കുകയും ചെയ്യുന്നത് അതിഥിത്തൊഴിലാളികളാണ്.അങ്ങനെ തന്റെ കുടുംബം പുലർത്താൻ വേണ്ടി ബീഹാറിൽനിന്ന് കേരളത്തിലേക്ക് വണ്ടികയറിയതാണ് ഗോപാൽ യാദവ്.ഒൻപതുവർഷമായി കേരളത്തിൽ പണിചെയ്യുന്നു.നാട്ടിലെ നല്ല പണക്കാരനായ കലന്തൻ ഹാജിയുടെ മകന്റെ വിവാഹം തീരുമാനിച്ചു.അങ്ങനെ

കല്യാണദിവസം അത്യാവശ്യമായി ഒരു പണിക്കാരനെ വേണ്ടിവന്നു.കലന്തൻ ഹാജി പലരെയും വിളിച്ചു പറഞ്ഞു.അങ്ങനെ വിളിച്ചു പറഞ്ഞതിലൊരാളായ രാമചന്ദ്രനാണ് ഗോപാലിനെ അവിടേക്ക് കൊണ്ടുവന്നത്.കലന്തൻ ഹാജിയുടെ വിശ്വസ്തനായ അസൈനാർച്ച ഗോപാലിനോട് എന്തൊക്കെയോ ചോദിച്ചറിയുന്നുണ്ട്.ഗോപാൽ ബീഹാറിലായിരുന്നപ്പോൾ ലാൽ മാത്തിയയിലെ രാജ്മഹൽ ഖനിയിൽ ഖനനം നിർത്തി കമ്പനി വിട്ട സ്ഥലങ്ങളിൽ രണ്ടാം തരം കൽക്കരി കുറേയുണ്ടാവും നിയമതടസ്സങ്ങളുണ്ടെങ്കിലും 250 കിലോ കൽക്കരി വാരിക്കെട്ടി സൈക്കിളിൽ വച്ച് ഗൊദ്ദവരെ ബഹുദൂരം തള്ളിക്കൊണ്ടു പോകുക എന്നതായിരുന്നു അവന്റെ പണി.എന്നാൽ രാപ്പകലില്ലാതെ കഷ്ടപ്പെട്ടാലും കിട്ടുന്നതോ നിസ്സാരമായ 10 രൂപ മാത്രം.അതുവച്ച് എങ്ങനെ ഒരു കുടുംബത്തിന്റെ കാര്യങ്ങൾ നോക്കും?അതും ഗോപാൽ കേരളത്തിലേക്ക് വണ്ടി കയറിയതിന് ഒരു കാരണമാണ്.

രാമചന്ദ്രൻ ഗോപാലിനെ ഇങ്ങോട്ട്  കൊണ്ടുവന്നപ്പോൾ അവൻ ചെയ്യേണ്ട ജോലിയെന്തെന്ന് അവനോട് പറഞ്ഞിരുന്നില്ല.ഗോപാൽ ഒട്ട് ചോദിച്ചതുമില്ല.സൂര്യൻ പടിഞ്ഞാറൻ ചക്രവാളത്തിൽ പോയ് മറഞ്ഞിട്ടു സമയമേറെയായി. എങ്ങും ഇരുട്ടുനിറഞ്ഞു എന്നാൽ കലന്തൻ ഹാജിയുടെ വീട് മാത്രം അലങ്കാരവെളിച്ചങ്ങളാൽ തെളിഞ്ഞുനിന്നു.കലന്തൻ ഹാജിയുടെ മകൻ സിനാനായിരുന്നു ഗോപാലിന് നിർദ്ദേശങ്ങൾ നൽകിയിരുന്നത്.ഗോപാലിനോട് സിനാൻ ഒരാൾപ്പൊക്കത്തിലും വീതിയിലുമുള്ള ഒരു കുഴിയെടുക്കാൻ പറഞ്ഞു.എന്തിനാണെന്നു മനസ്സിലായിലെങ്കിലും ഗോപാൽ  പണിത്തുടങ്ങി.

കലന്തൻ ഹാജിയുടെ വീടും പരിസരവും ബസ്മതി അരികൊണ്ടുണ്ടാക്കിയ ബിരിയാണിയുടെ മണത്താൽ മുങ്ങിനിൽക്കുന്നു.എന്തിനേറെ പറയുന്നു കാറ്റിനുപോലും ബിരിയാണിയുടെ മണമാണ്. പെട്ടന്ന് ഗോപാൽ തന്റെ പ്രിയതമയെ ഓർത്തു.തന്റെ പ്രിയതമയുടെ ഗർഭകാലത്ത് അവൾ ബസ്മതി അരി കഴിക്കാൻ ഒരു പൂതി.ബസ്മതി

അരിയൊന്നും മേടിക്കാനുള്ള ശേഷി ആ കൊച്ചു കുടുംബത്തിനില്ലായിരുന്നിട്ടും അവളെ നിരാശപ്പെടുത്താത ക്യത്യം 50 ഗ്രാം അരി തൂക്കി അവൾക്ക് മേടിച്ചുക്കൊടുത്തു.വീട്ടിലേക്കു വരുന്നവഴിയിൽ ഒരു പശുക്കുട്ടിയെപ്പോലെ അവൾ അതു കടിച്ചുപൊട്ടിച്ചു കൊണ്ടിരുന്നു അങ്ങനെ കുഴി കുഴിച്ചു പൂർത്തിയായി.അപ്പോൾ രണ്ടുപേർ ഒരു ചെമ്പിൽ എന്തോ ഒരു സാധനം ചുമന്നുകൊണ്ട് കുഴിയുടെ നേർക്കു വരുന്നു.അവരത് മുഴുവനും ആ കുഴിയിലേക്ക് തട്ടി നേരിയ വെളിച്ചത്തിൽ ഗോപാൽ അതു കണ്ടു ബസ്മതി അരിക്കൊണ്ടുണ്ടാക്കിയ ബിരിയാണിയുടെ അവശിഷ്ടങ്ങൾ അവിടിവിടെയായി കുഴിയിൽ ചിതറിക്കിടക്കുന്നു.ഗോപാൽ സ്തംഭിച്ചുപോയി.ഒന്നും രണ്ടും അല്ല ഒരുപാട് ചെമ്പുകളിൽ ബിരിയാണി കുഴിയിൽ കൊണ്ടുവന്ന് നിക്ഷേപിക്കുന്നു.ഒടുവിൽ ദം പൊട്ടിക്കാത്തതുവരെ.



ഗോപാൽ ആ കുഴിയിലേക്ക് നോക്കി മൂകനായി നിന്നു.ആ മൂകതയെ ഭേദിച്ചുകൊണ്ട് സിനാൻ ഗോപാലിനോട് അത് ചവിട്ടി അമർത്താൻ  അലറുന്നു അപ്പോൾ കുഴിയിൽ നിന്ന് ഒരു കരച്ചിൽ കേൾക്കുന്നതുപോലെ ഗോപാലിനു തോന്നുന്നു.ഹ്യദയഭേതകമായിരുന്നിട്ടു ഗോപാൽ അതു ചവിട്ടി അമർത്തുന്നു.ആ കുഴി മണ്ണിട്ടുമൂടുന്നതിനിടയിൽ സിനാൻ ഗോപാലിന്റെ മക്കളെപ്പറ്റി ചോദിക്കുന്നു.ഗോപാലിന് ആണും പെണ്ണുമായി ഒരൊറ്റ മകളേ ഉണ്ടായിരുന്നുള്ളു.തന്റെ ഭാര്യയ്ക്ക് ബസ്മതി അരി ഇഷ്ടമായിരുന്നല്ലോ അതുകൊണ്ട് അവരുടെ പൊന്നോമനയ്ക്ക് ബസ്മതി എന്നുതന്നെ പേരിട്ടു.സിനാൻ അവളെ കെട്ടിക്കാറായോയെന്നും സ്കൂളിൽ പഠിക്കുകയാണോയെന്നും ചോദിക്കുന്നു.പക്ഷേ അവൾ മരിച്ചുപോയെന്ന് ഗോപാൽ പറയുന്നു.എങ്ങനെയെന്ന സിനാന്റെ ചോദ്യത്തിന് വിശപ്പുകാരണം എന്നായിരുന്നു

ഗോപാലിന്റെ ഉത്തരം.
തന്റെ മകൾ
വിശപ്പുകാരണം മരിച്ചുപോയി
എന്നുപറയുന്ന ഒരച്ഛന്റെ
മാനസികാവസ്ഥയൊന്നാലോചിച്ചു
നോക്കു.ഒരു നേരത്തെ
ഭക്ഷണത്തിനുവേണ്ടി കഷ്ടപ്പെടുന്ന
ഒരുപാടുപേരുണ്ട് ഈ
രാജ്യത്ത്.ഗോപാലിനേക്കാൾ



യാതനയും,ദാരിദ്രവും,ദുരിതവും അനുഭവിക്കുന്ന അനേകം കുടുംബങ്ങളുണ്ട്.മലയാളികളുടെ ധാരാളിത്തത്തെപ്പറ്റിയാണ് ഈ ചെറുകഥയിൽ പറയുന്നത്.തങ്ങൾ എല്ലാം തികഞ്ഞവരാണെന്നഭാവമാണ് മലയാളികൾക്ക്.മറ്റുള്ള വരുടെ മുന്നിൽ പൊങ്ങച്ചം കാണിക്കാനുള്ള ഒരവസരവും അവർ പാഴാക്കാറില്ല.ഭക്ഷണം പാഴാക്കുമ്പോൾ തങ്ങൾക്കും ഈ ഗതിവരുമെന്നോക്കുക.ഭക്ഷണം പാഴാക്കുന്നതിനുമുമ്പ് ഈ ലോകത്ത് ഭക്ഷണം കിട്ടാതെ അലയുന്ന പട്ടിണിപ്പാവങ്ങളെപ്പറ്റി ഓർക്കുക അപ്പോൾ നിങ്ങൾക്ക് ഒരു ചെമ്പ് പോയിട്ട് ഒരു അരിമണി പോലും കളയാൻ തോന്നില്ല.മലയാളികളുടെ ധാരാളിത്തത്തെപ്പറ്റി മലയാളികൾക്കിടയിൽ അവബോധമുണ്ടാക്കാനാണ് സന്തോഷ് എച്ചിക്കാനം മലയാളസംഭാവനയ്ക്ക് ബിരിയാണി എന്ന ചെറുകഥ തയാറാക്കിയിരിക്കുന്നത്.വയനക്കാരുടെ കണ്ണുനിറയിക്കുന്ന കഥാമുഹൂർത്തങ്ങളാണ് ഈ പുസ്തകത്തിലടങ്ങിയിട്ടുള്ളത്.എല്ലാവരും വായിച്ചിരിക്കേണ്ടതുമായ ഒരു കൃതിയാണ് ബിരിയാണി.

**അനന്ദിത കിഷോരി എസ്**
**8.C**

# അതിരുകൾക്കതീതമായ അവളുടെ സ്വപ്നങ്ങൾ

ഒരു മനോഹരമായ ഗ്രാമപ്രദേശം ഇളംക്കാറ്റ് തേന്നിവീശുന്നു. പൂക്കളൊക്കേയും പുഞ്ചിരിച്ചുനിൽക്കുന്നു. മന്ദഹാസം പൊഴിച്ചുകൊണ്ട് അരുവി മന്ദം മന്ദം ഒഴുകി. സൂര്യപ്രകാശം അവിടമാകെ തിളങ്ങിനിന്നു. പച്ചിലകൾ ആടിയുലങ്ങു. കിളികൾ പാടിപ്പറന്നുല്ലസിക്കുന്നു. അവിടേക്ക് കൊച്ചുകൊച്ചുകാലടികൾ വെച്ചുകൊണ്ട് ലില്ലി തത്തിക്കളിച്ചെത്തി. അവൾക്കുപിന്നാലെ അവളുടെ അമ്മ അഞ്ജുവും ഓടിയെത്തി. ലില്ലിയുടെ കാലടികൾ പതിഞ്ഞ് ഓരോ പുഷ്പ്പവും തെന്നിമാറി. കിളികളോടും മരങ്ങളോടും കിന്നാരം പറഞ്ഞ് അവളോടിനടന്നു.

വൈകുന്നേരമായപ്പോൾ അച്ഛൻ തന്റെ മകൾകുള്ള കളിപ്പാവകളുമായി വീട്ടിലെത്തി. അവലളോടൊപ്പം കളിച്ചുകൊണ്ട് സമയം ചിലവഴിച്ചു. അഞ്ജുവും മനുവും തന്റെ കൊച്ചുകുടുംബത്തിൽ സംത്രിപ്തരായിരുന്നു. അവളുടെ ഓരോ വളർച്ചയും നോക്കികൊണ്ട് അവർ സന്തുഷ്ടരായി ജീവിച്ചു. കാലം കടന്നുപോയി. ലില്ലിയെ സ്കൂളിൽ ചേർത്തു. അവൾ ക്ലാസിൽ ഒന്നാമതായിരുന്നു. എല്ലാപരിപാടികൾക്കും മുൻപന്തിയിൽനിൽക്കുന്ന മുതിർന്നവക്ക് ബഹുമാനം നൽകിയിരുന്ന അനുസരണയും അച്ചടക്കവുമുള്ള ഒരു കുട്ടിയായിരുന്നു ലില്ലി. അഞ്ജുവുവിനും മനുവിനും ലില്ലി വളരെ അഭിമാനമായിരുന്നു. ലില്ലിയുടെ ഏതൊരു അഗ്രഹത്തിനും അവർ പിന്തുണ നൽകിയിരുന്നു. എത്രത്തോളം കഷ്ടപ്പെട്ടിട്ടാണേലും അവളുടെ ആഗ്രഹങ്ങൾ സാധിച്ചുക്കൊടുക്കാൻ മനുവും അഞ്ജുവും ശ്രമിച്ചിരുന്നു.

മനു ഒരു പെയ്ന്റ് അടിക്കാരനായിരുന്നു. അദ്ദേഹത്തിനുലഭിച്ചിരുന്ന തുച്ഛമായ വരുമാനത്തിലൂടെയായിരുന്നു അവരുടെ കുടുംബം കഴിഞ്ഞിരുന്നത്. എല്ലാക്ഷ്ട്ടപ്പാടുകളും ലില്ലി തിരിച്ചറിഞ്ഞിരുന്നു. ലില്ലിയുടെ സ്വപ്നങ്ങൾ ആകാശം കഴിഞ്ഞും ചിറകുവിരിച്ചു പറന്നു. ബഹിരാകാശത്തെയായിരുന്നു അവൾ സ്വപ്നം കണ്ടത്. ഒരിക്കൽ ഒരു വാഹനാപകടത്തിൽ മനുവും

അഞ്ജുവും മരണത്തിനു കീഴടങ്ങി.
ലില്ലി ആകെ തകർന്നുപോയി.
അവരില്ലാത്ത ഒരു ജീവിതം അവളുടെ ചിന്തകൾക്കപ്പുറത്തായിരുന്നു. ഒറ്റനിമിഷംകൊണ്ട അവൾ അനാഥയായിത്തീർന്നു. ജീവിതം തന്നെ അവസാനിപ്പിക്കാൻപോലും അവൾകൊരുനിമിഷം തോന്നി. പക്ഷേ അവൾ തോറ്റുകൊടുക്കാൻ തയ്യാറാല്ലായിരുന്നു. ലില്ലിയുടെ അമ്മാവന്റെ വീട്ടിലേക്ക് അവളെ കൊണ്ടുപോയി. കുറച്ചുദിവസങ്ങൾ കഴിഞ്ഞപ്പോൾ തന്നെ അവർക്ക് താൻ ഒരുഭാരമാണെന്നു ലില്ലി തിരിച്ചറിഞ്ഞു. തന്റെ മാതാപിതാക്കൾ മരിച്ച് രണ്ടുമാസം കഴിഞ്ഞപ്പോൾത്തന്നെ അമ്മാവൻ കല്ല്യാണാലോചനകൾ ആരംഭിച്ചു. കല്ല്യാണം വേണ്ടായെന്നും തനിക്ക് പഠിക്കണം എന്നും പറഞ്ഞ ലില്ലിയുടെ വാക്കുകളെ അരും ചെവികൊണ്ടില്ല. ഒടുവിൽ അമ്മാവന്റെ മകൻ കിരണുമായി ലില്ലിയുടെ കല്ല്യാണം ഉറപ്പിച്ചു. കിരണിന്റെയും അമ്മാവന്റെയും ശല്യം സഹിക്കാൻ വയ്യാതെ ഒരുദിവസം അവൾ വീടുവിട്ടെറങ്ങി. ജീവിതം ഒരു ചോദ്യചിഹ്നമായി മാറിയപ്പോഴും പ്രതിസന്ധികൾ അവളെ തുരത്തിയോടിച്ചപ്പോഴും ജീവിക്കണം എന്ന കനൽ അണയാതെ അവളിൽ ബാക്കിയായി. തന്നെ നോവിച്ചവർക്ക് താനൊരു തിരിച്ചടിയായി മാറും എന്ന് അവൾ തീരുമാനിച്ചു. അന്നാരാത്രിയിൽ എങ്ങോട്ടെന്നില്ലാതെ അവൾ അലഞ്ഞു. അവസാനം ഒരു സുഹൃത്തിന്റെ വീട്ടിൽ അവൾ അന്തിയുറങ്ങി. അവളുടെ ഉറക്കം കെടുത്തിയിരുന്ന സ്വപ്നങ്ങൾക്ക് പുതുജിവൻനൽകാൻ അവൾ ഉറച്ചു. അതിനായുള്ള തീരുമാനങ്ങൾ അവൾ നെയതെടുത്തു. അവൾ ഒരു കേച്ചിംഗിന് ചേർന്നു. അങ്ങനെ തീവ്രമായി പരിശ്രമിച്ച് പഠിക്കൻ തീരുമാനിച്ചു. ഒരു ഹോസ്റ്റലിൽ നിന്നവൾ പഠനം അരംഭിച്ചു.

പഠിക്കാനുള്ള പണത്തിനായി അവൾ ഒഴിവുസമയങ്ങളിലും അവധിദിവസങ്ങളിലും ജോലിക്കുപോയി. ഉറക്കമില്ലാതെ രാപ്പകൽ അധ്വാനിച്ചും പഠിച്ചും അവൾ മുന്നേറി. പ്റതിസന്ധികളെ തനിക്കു ഭയമില്ലായെന്നും തന്റെ ലക്ഷ്യത്തെ ഉറക്കെ പ്രഖ്യാപിച്ച അവൾക്ക് അവസാനം തന്റെ

സ്വപനത്തിലേക്കുള്ള വഴി തുറന്നു. ഒരു ബഹിരാകാശ പ്രവർത്തകൻ ക്ലാസ്സെടുക്കാൻ വരുകയും അവളുടെ കഴിവുകളേയും പ്രശ്നങ്ങളേയും തിരിച്ചറിഞ്ഞുകൊണ്ട് അവൾക്ക് പിന്തുണ നൽകി. അങ്ങനെ ഒടുവിൽ കഠിനമായ പരിശീലനങ്ങൾക്കും പോരാട്ടങ്ങൾക്കും ശേഷം അവളുടെ സ്വപ്നങ്ങൾക്ക് ചിറകുമുളച്ചു. അങ്ങനെ അവൾ ബഹിരാകാശത്തേക്ക് പറന്നു. തന്നെ പരിഹിസിച്ചവർക്കും തിരിച്ചടിയായി അവൾ ഇന്ത്യയുടെ അഭിമാനമായി തിരിച്ചുവന്നു. തന്റെ മഴവില്ലിനെ അവൾ കണ്ടത്തി. മറ്റുള്ളവർക്കും പ്രചോദനം നൽകിക്കൊണ്ട് അവൾ പുതിയൊരു തുടക്കം കുറിച്ചു. തന്റെ ദീവിതത്തിലൂടെ വർണശഭളമായ ഒരു മഴവില്ലിനെ അവൾ മറ്റുള്ളവർക്ക് നൽക്കി.

**-ശിവപ്രിയ അനുരൂപ്**

# തീരത്തെ നിലാവ്

ഉറക്കത്തിൽ നിന്നും നീലി ഞെട്ടിയെഴുന്നേറ്റു അപ്പോഴേക്കും നേരം വെളുത്തിരുന്നു അവൾ പതിയെ തന്റെ കിക്കയുടെ അരികിലുള്ള ജനാല തുറന്നു.നീലിയുടെ ഇരട്ടസഹോദരിയായ പീലി ചോദിച്ചു ഇന്നും കണ്ടോ സ്വപ്നം.നീലി തലയാട്ടി.നീലിക്കും പീലിക്കും 8 വയസ്സാണ് മിക്കപ്പോഴും നീലി സ്വപ്നം കാണും.സ്വപ്നം കാണുന്നത് കടലിനേക്കുച്ചാണ് എന്നാൽ കടൽ കണാൻ വരുമ്പോഴേക്കും അവൾ ഞെട്ടിയെഴുന്നേൽക്കും.അവളുടെ ഏറ്റവും വലിയസ്വപ്നമാണത്.ഒരു പാവപ്പെട്ട കുടുംബമാണ് നീലിയുടേത്,അമ്മയും അച്ഛനും ഇരട്ടസഹോദരിയുമായി ആ കൊച്ചുകുടുംബം സന്തോഷത്തിൽ കഴിയുന്നു.

നീലിക്ക് കടലിനെക്കുറിച്ച് കേട്ടുകേൾവി മാത്രമേയുള്ളു. മൂന്നാം ക്ലാസിലാണ് അവൾ പഠിക്കുന്നത്.തന്റെ മലയാളം മാഷായ കൊച്ചുണ്ണിമാഷ് ഒരിക്കൽ താൻ കടൽ കണ്ട കാഴ്ച കുട്ടികളോട് പങ്കുവെച്ചു അന്ന് തൊട്ടുള്ള നീലിയുടെ ആഗ്രഹമാണ് കടൽ കാണണമെന്ന്.ഈ കടൽ കാണണം എന്ന ആഗ്രഹം കാരണം ഒരിക്കൽ അച്ഛനോടും അമ്മയോടും അവൾ വഴക്കുണ്ടാക്കി എന്നാൽ കൂലിപ്പണിക്കാരായ അവർക്ക് അവളുടെ ആഗ്രഹം പൂർത്തിയാക്കാനുള്ളപണമില്ലായിരുന്നു.അവൾക്ക് ഇത് നന്നായി അറിയാമായിരുന്നു പക്ഷേ അവൾക്ക് അതേ മാർഗമുണ്ടായിരുന്നുള്ളു.ഒടുവിൽ അച്ഛൻ കുറച്ചു പണം സങ്കടിപ്പിച്ചു എന്നാൽ അന്നു രാത്രി നടന്ന സംഭവം കാരണം ആ പൈസ കൈയ്യിൽ നിന്നും പോയി.അച്ഛന് കടമുണ്ടായിരുന്നു അന്ന് കച്ചവടക്കാർ വന്ന് പ്രശ്നമുണ്ടാക്കി.വേറെ നിവർത്തിയില്ലാതെ അയാൾ കൈയ്യിലുണ്ടായിരുന്ന പണമെടുത്തുകൊടുത്തു.

അന്നത്തെ രാത്രി നീലിക്ക് ഉറക്കമില്ലായിരുന്നു അവളെ അമ്മയും,പീലിയും ആശ്വസിപ്പിക്കാൻ ആവുന്നതു ശ്രമിച്ചു.എന്നാൽ അന്നത്തെ രാത്രി അവൾക്ക് സങ്കടം സഹിക്കാനായില്ല വയസു കൂടുന്നതിനനുസരിച്ച് അവളുടെ

ആഗ്രഹവും വർദ്ധിച്ചുവന്നു ആ വീട്ടിലെ ദാരിദ്രവും.ആ വീട് പട്ടിണിയിലായി,നീലിയുടെയും പീലിയുടെയും പഠിപ്പുനിന്നു.അവർ വീട്ടു ജോലിക്ക് പോയിത്തുടങ്ങി.എന്നാൽ അവൾക്കുള്ള ആഗ്രഹം കാരണം കിട്ടുന്ന പൈസയിയിൽ നിന്നു കുറച്ചു മാറ്റിവെച്ചു തുടങ്ങി കടം തീർന്നപ്പോൾ അവൾ ആരോടു പറയാതെ ഒരു രാത്രി വീട്ടിൽ നിന്നിറങ്ങി.കൂട്ടിവെച്ച പണം കൈയ്യിലെടുത്തു.യാത്രതുടങ്ങി 3 കിലോമീറ്റർ നടന്ന പലകുന്നതെത്തിതി അവിടെ നിന്ന് വണ്ടികയറി കൊച്ചിയിലേക്ക് പോയി പല വഴിയിലൂടെയും സഞ്ചരിച്ച്

നീലിതൻ കാണാനാഗ്രഹിച്ച സ്ഥലതെത്തി അവൾ കടൽ കണ്ടു അവൾ നടന്നു പതിയെ തിര അവളുടെ കാലുകളിലടിച്ചു കയറി ആ രാത്രിയുടെ നിലാവിൽ അവൾ കടൽ കണ്ടു.അവൾ ആ മണ്ണലിലിരുന്നു.അവളെ സന്തോഷം മൂടി.



# വിദ്യാർത്ഥികളുടെ മോഹങ്ങൾ

ബാലകൻമാരുടെ മോഹങ്ങളോരോന്നേ
ഞാനുരചെയ്യുന്നു കേൾക്ക നീ  സോദരാ
നേരം വെളുത്തുച്ചയായി തന്നാൽ പോലും
കൂർക്കം വലിക്കവസാനമതില്ല
സ്ക്കുളിലേക്കൊന്നങ്ങു പോയിടണമെങ്കിൽ
കിട്ടണം നൂറിന്റെ നോട്ടൊന്നു കൈക്കുള്ളിൽ
നോട്ടൊന്നു കിട്ടിയാലോട്ടമതാണെന്നേ
പെട്ടിക്കടകളിൽ തപ്പി നടക്കുവാൻ
ആൺകുട്ടിയെങ്കിൽ സൈക്കിളു വേണം
ബുള്ളറ്റും സ്ക്കൂട്ടറും ബൈക്കിനും പോണം
കാറൊന്നു കിട്ടിയാൽ കൈക്കുമോ സാറേ
ആൾട്ടോയും എണ്ണൂറും ആർക്കിന്നു വേണം
ലംബോർഗിനിതന്നെ കിട്ടിയാൽ കൊള്ളാം
ലാൻസറും, ബെൻസിനും ആഗ്രഹമുണ്ടെടോ
പെൺകുട്ടിയെങ്കിലും മോഹമില്ലാത്തവൾ
ഭൂമിയിൽ കാണില്ല പേരിനുപോലും
പൊട്ടുവേണം ചാന്തും ക്യുട്ടക്സുമെല്ലാം
ഫാഷന്റെ ലോകത്തു നിന്നിങ്ങുപോയി
ഫേഷ്യലു ചെയ്യണം , പുരികം പറിക്കണം

നാട്ടുകാർ കാൺകെ ഞെളിഞ്ഞു നടക്കണം
ഐശ്വര്യ റായിയെ നാണം കെടുത്തണം
കാണുന്ന ലേഹ്യങ്ങൾ വാങ്ങിക്കുടിക്കണം
ചർമമതുകണ്ടാൽ പ്രായം കുറയണം.
ആണിനും പെണ്ണിനും ആഗ്രഹമെപ്പോഴും
തോണ്ടിക്കളിക്കുന്ന ഫോണൊന്നു വാങ്ങുവാൻ
അപ്പന്റെയമ്മേടെ ഫോൺ കിട്ടിയാൽ പോരാ
സ്വന്തമായ് കിട്ടുനെന്നും ദുരാഗ്രഹം
തോണ്ടിയതൊന്നും മതിയല്ല പിന്നെയും
തോണ്ടിക്കിടക്കണം പാതിരാത്രിവരെ
വാങ്ങിച്ചു നൽകണം, ഫോർജി കണക്ഷനും
വാങ്ങിയില്ലെങ്കിൽ ഞാൻ ചാകുവാൻ തൂങ്ങിടും

വാട്സ് ആപ്പു നോക്കണം,യൂടൂബിൽ കേറണം
നോട്ട് ബുക്ക് വേണ്ട ഫെയ്സ്ബുക്ക് മതിയിനി
ചാറ്റണം ചീറ്റണം ,ചോറിന്നു വേണ്ടിനി
ചീറ്റിംഗിൽ പെട്ടുപോകാതെ കഴിക്കണം

സ്ക്കൂളിലേക്കുള്ളൊരു യാത്രയോ ദുഷ്കരം
ക്ലാസിലെ കാര്യങ്ങൾ ഓർക്കുവാൻ വയ്യെടോ
പാഠം പഠിക്കണം ഹോംവർക്കു ചെയ്യണം
ചൂരലുമായതാ ടീച്ചർ വരുന്നെടാ
ചന്തിക്കു കിട്ടിയാൽ വേദന ദുഷ്ക്കരം
നീറ്റലാണെപ്പോഴും ബെഞ്ചിലിരിക്കുവാൻ
കണക്കിന്റെ ടീച്ചറ് ക്ലാസിൽ വരുമ്പോഴേ
മൂത്രമൊഴിക്കുവാൻ പോകുവാൻ തോന്നുന്നു.

# ജീവനായ മലരേ.....

നിങ്ങളെന്തിനാ എപ്പോഴും ഇവർക്ക് ഇങ്ങനെ ഡ്രസ്സ് വാങ്ങിച്ചു കൊടുക്കുന്നത്? അലമാരയിൽ എത്ര വസ്ത്രങ്ങളാ വെറുതെ ഇടാതെ വച്ചിരിക്കുന്നത്? ആ പൈസയ്ക്ക് വീട്ടിലേക്കെന്തെങ്കിലും വാങ്ങിച്ചാൽ അത്രയുമാകും അടുക്കളയിൽ ഒരു സാധനമില്ല.മക്കൾക്ക് വസ്ത്രവുമായി വന്ന സുഭാഷ് തന്റെ ഭാര്യയുടെ ഗർജന വാക്കുകൾ ശ്രവിച്ച് അകത്തേക്ക് കയറുന്നു. തിരിച്ച് മറുപടി ഒന്നും പറയണ്ട എന്നു വിചാരിച്ചിട്ടും മനസ്സ് തന്നെ വെറുതെ വിടുന്നില്ല. ഞാൻ പണിയെടുത്ത പൈസ എന്റെ മക്കൾക്ക് വേണ്ടിയുള്ളതാ അല്ലാതെ നാട്ടാർക്കല്ല,അയാൾ പറഞ്ഞു.

അത് കേട്ടില്ലാ എന്നൊരു ഭാവത്തിൽ ഉഷ അടുക്കളയിലേക്ക് പോയി.പിറ്റേ ദിവസം സുഭാഷ് പത്രം എടുക്കാൻ വെളിയിലേക്ക് പോയപ്പോൾ അയൽവാസി ചന്ദ്രനെ കണ്ട് വിശേഷം പറയുന്നു.തിരിച്ചു വന്നപ്പോൾ സമയം പോയതറിഞ്ഞില്ല. സുഭാഷ് ഒരു കൂലിപ്പണിക്കാരനാണ്,വീടിനോട് ചേർന്ന് ഒരു കൃഷിയിടവും ഉണ്ട്. അദ്ദേഹത്തിന് രണ്ടു പെൺമക്കളുണ്ട്.ഹർഷയും വർഷയും.ഹർഷയാണ് മൂത്തമകൾ.ഇന്ന് സുഭാഷ് തന്റെ പണിസാധനങ്ങളും എടുത്ത് പിന്നെ ഒരു ഷർട്ടും എടുക്കാനായി മുറിയിലേക്ക് ചെന്നപ്പോൾ ഉഷ ഹർഷയുടെ മൊബൈൽ പരിശോധിക്കുകയായിരുന്നു.അയാൾ കാരണമന്വേഷിച്ചപ്പോൾ,അവൾ ഡിഗ്രി സെക്കൻഡ് ഇയറിന് പഠിക്കുന്ന ഒരു കുട്ടിയാണ് അതുകൊണ്ട്,അവളുടെ അമ്മയെന്ന നിലയിൽ ഇത് അത്യാവശ്യമാണെന്നാണ്. നീ എന്താണെന്ന് വച്ചാൽ കാണിക്ക്,എനിക്ക് എന്റെ മക്കളെ വിശ്വാസമാ.ഇതും പറഞ്ഞ് സുഭാഷ് ജോലിക്കിറങ്ങുന്നു.

വളരെ ക്ഷീണിതമായി,പകലന്തിയോളം പണിയെടുത്ത് വൈകുന്നേരം സുഭാഷ് വീട്ടിലേക്കു വരുന്നു.വന്നപാടെതന്നെ തന്റെ മക്കളെവിടെ എന്നാണ് സുഭാഷ് ചോദിച്ചത്,കാരണം തനിക്ക് ഒരു നിമിഷം പോലും അവരെ പിരിഞ്ഞിരിക്കാൻ സാധിക്കില്ല.വർഷ പഠിക്കുകയാണെന്നും ഹർഷ കുറച്ചുസമയം മുൻപ് മൊബൈൽ എടുത്തുകൊണ്ട് റൂമിലേക്ക് പോയെന്നും ഉഷ പറഞ്ഞു.

കിടക്കാൻ നേരത്ത് സുഭാഷിന്റെ കൈയ്യും കാലും ശ്രദ്ധിക്കുന്നു.കൈയ് മുഴുവനും തഴമ്പ് കൊണ്ട് നിറഞ്ഞിരിക്കുകയാണ്. മുള്ളിൽ കൂടി പണിയെടുത്തതിനാൽ കാലും മുറിഞ്ഞിരിക്കുന്നു.വിഷമത്തോടെ ഉഷ അതിലേക്കു നോക്കി നിൽക്കുന്നു.സാരമില്ല ഇതെല്ലാം എന്റെ പൊന്നു മക്കൾക്ക് വേണ്ടിയല്ലേ എന്നു പറഞ്ഞ് സുഭാഷ് ഉറക്കത്തിലേക്ക് വഴുതിവീഴുന്നു.തന്റെ മക്കൾ കൂട്ടുകാരുടെ മുമ്പിൽ നാണം കെടാതിരിക്കാൻ അവരുടെ അവശ്യത്തിനും അനാവശ്യത്തിനുമുള്ള പണം നൽകി കൊണ്ടും അവർ ഇരുവരും അവരെ സ്നേഹിച്ചു.രാവിലെ എണീറ്റപ്പോൾ വർഷ അമ്മയോട് പറയുന്നു,അമ്മേ ചേച്ചി ഉറങ്ങാറില്ല എന്നാണ് തോന്നുന്നത്.

എപ്പോഴും വാട്സ് ആപ്പിലാണ്.ആരോടൊക്കെയോ ചാറ്റ് ചെയ്യുന്നു. ഞാൻ പറഞ്ഞാലൊന്നും അവൾ കേൾക്കില്ല. അച്ഛനോട് പോയി പറയെന്ന് അമ്മ വർഷയോട് പറയുന്നു.തന്റെ മകൾ കൈവിട്ടുപോകുകയാണോ എന്ന സംശയം

അമ്മയുടെ മനസ്സിൽ ഇത്തിൾക്കണ്ണി പോലെ പടർന്നുപിടിച്ചു.

വീട്ടിൽ ഭക്ഷണത്തിനുപോലും വകയില്ലാതിരുന്നപ്പോഴും അവരുടെ അനാവശ്യത്തിനായി സുഭാഷ് പണം ചിലവഴിച്ചു. തന്റെ മകളെ മാത്രം ധ്യാനിച്ചു കൊണ്ട് അമ്മ സ്ഥിരം നേരം വെളുപ്പിക്കുന്നു.കോടമഞ്ഞ് വീഴുന്നതിനാൽ കണ്ണ് പോലും കാണാൻ പറ്റാത്ത നിലയിൽ,നേരം പുലർന്നു.ഉറക്കത്തിൽ നിന്നും എഴുന്നേറ്റു വന്ന ഉഷ സ്ഥിരമായി ആദ്യം നോക്കിയിരുന്നത് തന്റെ മക്കളെയാണ്.
അന്നും അവർ പതിവു തെറ്റിച്ചില്ല,ഹർഷ മുറിയിൽ ഇല്ല. ഉഷ സുഭാഷിനെ വിളിച്ചെഴുന്നേൽപ്പിച്ചു.ഇത്ര നേരത്തേ എഴുന്നേൽക്കുന്ന സ്വഭാവം അവൾക്കില്ല.
അവർ വീടിനു ചുറ്റും നോക്കി.അടുത്ത വീടുകളിലും,ബന്ധുവീടുകളിലും അന്വേഷിച്ചു.ബന്ധുക്കളുടെയും അയൽവാസികളുടെയും നിർബന്ധത്തിന് വഴങ്ങി അവർ പോലീസ് സ്റ്റേഷനിൽ പരാതി നൽകി.തന്റെ കണ്ണിലെ കൃഷ്ണമണിപോലെ കാത്തുസൂക്ഷിച്ച തന്റെ മകൾ എവിടെ പോയെന്നറിയാതെ അച്ഛനും അമ്മയും ഇന്ന് സങ്കടത്തിന്റെ നടുകടലിൽ അലയടിച്ചുയരുന്ന തിരമാലകൾക്കിടയടലാണ് നിൽക്കുന്നത്.ഉച്ചയായപ്പോഴേക്കും പോലീസ് സ്റ്റേഷനിൽ നിന്ന് കോൾ വന്നു.
അവരുടെ മകൾ ഒരു മുസ്ലീം പയ്യന്റെ കൂടെ ഒളിച്ചോടിയിരിക്കുന്നു.വിങ്ങുന്ന ഹൃദയത്തോടെ ആ വാർത്ത അറിഞ്ഞു.അവരുടെ അത്യാഗ്രഹത്തിന് പണം ചിലവാക്കി കളഞ്ഞ്,അവരുടെ അനാവശ്യങ്ങൾ നിറവേറ്റി കൊടുത്ത് അവരെ സ്നേഹിച്ച അച്ഛനും അമ്മയ്ക്കും തെറ്റ് പറ്റി.ആ വാർത്ത അറിഞ്ഞപ്പോൾ അദ്ദേഹം തന്റെ കൈകളിലേക്കാണ് ആദ്യം നോക്കിയത്,മക്കൾക്ക് വേണ്ടി സമ്പാദിച്ചതിന്റെ തഴമ്പ്. ലാളിച്ചു വളർത്തിയ മക്കൾ അന്യ മതക്കാരന്റെ കൂടെ ഒളിച്ചോടിപ്പോയപ്പോൾ,അത് നിസ്സഹായരായി കേട്ടുനിൽക്കേണ്ടി വന്ന സുഭാഷും ഉഷയും ഇനി എന്തെന്നില്ലാത്ത ജീവിതത്തിലേക്ക്.....തന്റെഎല്ലാ പ്രതീക്ഷയും,സ്വപ്നവുമായിരുന്ന തിരി അണഞ്ഞപ്പോൾ അവർ ഇനി നേർവഴിയുടെ പാതയിൽ നീങ്ങുന്നു.കുറ്റബോധത്താൽ നിറഞ്ഞ മനസ്സുമായി. ........
മറക്കാനാകുമോ എന്ന് എനിക്ക് അറിയില്ല,കാരണം അവൾ എന്റെ മകളാണ്, ജീവനാണ്.അല്ല ജീവനായി വിരിഞ്ഞുനിൽക്കുന്ന പുഷ്പം.

# അന്നും ഇന്നും

അന്ന് മനുഷ്യർ ഉണ്ടായ കാലത്ത് പ്രകൃതിയോട് ഒത്ത് ചേർന്ന് ഒരു സുഹൃത്തായാണ് നാം പെരുമാറി ഇരുന്നത്.അന്ന് നമുക്ക് പ്രകൃതി മാതാവ് പാൽ തന്ന് വളർത്തി.കുറച്ച് വർഷങ്ങൾ കഴിഞ്ഞപ്പോൾ പ്രകൃതിക്ക് ദോഷമില്ലാത്ത കണ്ട് പിടുത്തങ്ങൾ നടത്തി. പ്രകൃതിയിലെ മരഹങ്ങൾ വെട്ടിയുള്ള കണ്ട്പിടുത്തങ്ങൾ നടത്തി

പ്രകൃതിമാതാവിന് വേദനിച്ചിട്ടും നമ്മെ ശാസിച്ചില്ല, വേദനിപ്പിച്ചില്ല. ഒരുപക്ഷെ, നമ്മെ ശാസിച്ചില്ല. കാറ്റിലൂടെ, ജലത്തിന്റെ ഒഴുക്കിലൂടെ അല്ലെങ്കിൽ അഗ്നിയിലൂടെ.അത് നമുക്ക് കേൾക്കാൻ സാധിച്ചില്ല.കേട്ടിട്ടുണ്ടങ്കിൽ പോലും എങ്ങനെ അനുസരിക്കൻ. അതുകൊണ്ട് പ്രകൃതിയോടുള്ളക്രൂരത കൂടി. മരങ്ങൾ വെട്ടി അവിടെ വീടുണ്ടാക്കൽ,റോഡുണ്ടാക്കൽ മലയെ ഇടിച്ച് നികത്തൽ.

മലകൾ റോഡ് പണിക്ക് പോയി. ചിലർ ഇതി എതിർനിന്നപ്പോൾ ഉദ്യോഗസ്ഥർ പറഞ്ഞു ഇന പ്രവർത്തി ചെയ്യാൻ ഞങ്ങൾ അധികാരികളുടെ ഉത്തരവ് നേടിയിട്ടുണ്ട.

കാലം പോകും തോറും പ്രകൃതിയോടുള്ള മനുഷ്യൻെറകൂരതകൂടിവന്നു.1924 എന്ന വർഷം നിങ്ങൾ മറന്നിട്ടുണ്ടാവില്ല എന്ന് വിചാരിക്കുന്നു.

ആവർഷം പ്രകൃതി നമ്മേ വേദനിപ്പിച്ചു.നാം മരങ്ങൾ വെട്ടിയൽ, മാലിന്യങ്ങൾ വലിച്ചെറിഞ്ഞാൽ പ്രകൃതിക്ക് മാത്രമല്ല നമുക്കും വേദനിക്കും എന്നതിൻെറ ഉദ്ദാഹരണം മാത്രം.

ആ ആക്രമണം നാം വീണ്ടും തുടങ്ങിയതിലൂടെ 1946 ൽ നമുക്ക് പ്രകൃതി തിരിച്ചടിനൽകി.എന്നിട്ടും ആർക്കും നന്നാവാൻ ഉദ്ദേശം ഇല്ല. ഒരു മാതാവ് തന്റെ മകൻ അല്ലെങ്കിൽ മകൾ എന്തെങ്കിലും തെറ്റ് ചെയ്താൽ പറയും,അടിക്കും വീണ്ടും അത് തന്നെ ആവർത്തിച്ചാൽ അടിയുടെ

ശക്തികൂടും.

അതുപോലെ തന്നെയാണ് നമ്മോട് പ്രകൃതി മാതാവും ചെയ്യുന്നത്.2018,2019 എന്നീ വർഷങ്ങളിൽ പ്രകൃതി നമ്മെ ശക്തിയിൽ അടിച്ചു.

2020ൽ എന്താണ് സംഭവിക്കുക എന്ന് ദൈവം തമ്പുരാനറിയാം. എനിക്ക് നിങ്ങളോട് ഒരു കാര്യമേ പറയാനുള്ളൂ.പ്രകൃതിയെ ദ്രോഹിക്കരുത്.

# എന്റെ യാത്ര

യാത്രയാകുകയാണ് ഞാ-
നെ ന്നില്ലാതെ
കടൽ കടന്ന് മല കടന്ന്,
പ്രഭാതം കഴിഞ്ഞ് പ്രദോഷം കഴിഞ്ഞ്,
കല്ലും മുള്ളും മറികടന്ന്
വീണ്ടും തുടരുകയാണ് ഞാൻ,
സന്തോഷം നിറഞ്ഞ സന്താപം നിറഞ്ഞ
സ്നേഹം നിറഞ്ഞ കരുതൽ നിറഞ്ഞ,
കുണ്ടും കുഴിയും നിറഞ്ഞ വഴികളിലൂടെ
ജീവിതമാകുന്ന യാത്ര
സ്നേഹവും കരുതലും നിറഞ്ഞ
എന്റെ മാതാപിതാക്കളുടെ വാക്കുകൾ
കുണ്ടും കുഴിയും കല്ലും മുള്ളും
നിറഞ്ഞ വഴികൾ താണ്ടാനായി
എന്നെ സഹായിക്കുന്നയെന്റെ
അദ്ധ്യാപകരുടെ വാക്കുകൾ
ഇണങ്ങിയും പിണങ്ങിയും
കളിച്ചും ചിരിച്ചുമെല്ലാം
ഒന്നിച്ച് വളരുന്നയെന്റെ
സഹോദരങ്ങളുടെ വാക്കുകൾ
ഇവയെല്ലാം ജീവിക്കൂ ജീവിക്കൂ
എന്നെന്റെയുള്ളിൽ നിന്നെന്നെ
ഉദ്ബോധിപ്പിക്കുകയാണെന്നും
കരുത്തും ശക്തിയും നൽകുകയാണ്
ജീവിതമാകുന്നയീ യാത്ര തുടരാൻ



# സഫലമാംയാത്ര

ഈ രാവിൻ കുളിരിലായ് ഞാൻ തുടങ്ങുകയായി എൻ യാത്ര
വർണശലഭമായി മാറി കളിക്കുമീ അനുദിനത്തിൽ
ഞാൻ എൻ പ്രണനെ തിരയുകയായി.
എത്രനാൾ ഞാൻ യാത്ര തുടരും? നിന്നെ തിരയുകയായി
ഞാനനുദിനം സഖി:....
നിൻെ്റ ഓരോ ചിരികളും എന്നും എൻ മനസ്സിൽ
നിന്നെ തിരയുകയാണു ഞൻ ഈ യാത്രയിൽ

കുറ്റൻ മരങ്ങൾ.....കെട്ടിടങ്ങൾ
ഇവിടെയെല്ലാം ഞാൻ നിന്നെ തിരയുകയായി...
ഏറെ നാളുകളായി തുടരുന്ന ഈ യാത്രയ്ക്കു
അരികിൽ തന്നെ വന്നുചേരും......
ഏറെ നാളുകളായി നിന്നെ ഞാൻ തിരയുന്നു
എൻ യാത്ര തുടരുന്നു ഏറെയായി....


പണ്ടു നാം കളിച്ചു നടന്നതും
കൊത്തിയുറും മാമ്പഴം ഭക്ഷിച്ചതും സുന്ദരമാം ആ ദിനംങ്ങൾ
ഓർത്തു പോകുന്നു ഈ നിമിഷത്തിൽ

ഈ യാത്രയിൽ പ്രകൃതിയുടെ മനോഹര സൗന്ദര്യം ആസ്വതിക്കുന്നു.
ഈ നിമിഷം നീ എൻ അരികിൽ ഉണ്ടായരുനെക്ഗിൽ..

ഈ ഉല്ലാസയാത്രയിൽ നീ എൻ കുടെ ഉണ്ടെങ്കിൽ
നി എൻ പ്രാണൻ ആയ്
യാത്ര തുടരുന്നു........

# മലയാളത്തിന്റെ ശാഖകൾ

## പ്രാചീന കവിത്രയം



### കുഞ്ചൻ നമ്പ്യാർ

പ്രാചീന കവിത്രയത്തിൽ ഉൾപ്പെടുന്ന പ്രമുഖ മലയാളഭാഷാകവിയാണ് കുഞ്ചൻ നമ്പ്യർ. ചുള്ളൽ കവിതകൾ എഴുതുകയും അവയേ അഭിനയരൂപമായി അവതരിപ്പിക്കുകയും ചെയ്ത മലയാളത്തിലെ കവിശ്രേഷ്ടൻ കൂടിയാണ് അദ്ദേഹം. തുള്ളൾ പ്രസ്ഥാനത്തിന്റെ ഉപജ്ഞതാവ് എന്നാണ് അദ്ദേഹം അറിയപ്പെട്ടുന്നത്. ഒട്ടൻ തുള്ളൽ, ശീതങ്കൻ തുള്ളൽ, പറയൻ തുള്ളൽ എന്നീ ഇനങ്ങളിലായി ധാരാളം സൃഷ്ടികൾ മലയാളത്തിന് നൽകിയിട്ടുണ്ട്. കുഞ്ചൻ നമ്പ്യാർ ആദ്യം എഴുതി അഭിനയിച്ച തുള്ളൽ 'കല്ല്യാണസൗഗന്ധികം' ആണ്. സാമൂഹിക വിമർശനങ്ങൾ നർമ്മത്തിലൂടെ അവതരിപ്പിക്കുകയാണ് ഇദ്ദേഹത്തിന്റെ കൃതികളുടെ മുഖമുദ്ര. കേരളീയത, സാധാരണക്കാരന്റെ ഭാഷാ, ലോകോക്തികൾ എന്നിവയും ജനകീയ കവി എന്ന വിശേഷിക്കപ്പെടിന്ന നമ്പ്യാരിടെ കൃതികളുടെ പ്രത്യേകതകളാണ്. പാലക്കാട് ജില്ലയിൽ കിള്ളിക്കുറിശ്ശി മംഗലത്തെ കലക്കത്തു ഭവനത്തിൽ 1705 മെയ് 5ന് അദ്ദേഹം ജനിച്ചു. ചെറുപ്പകാലത്ത്കുഞ്ചൻ നമ്പ്യർ അമ്പലപുഴ രാജാവിന്റെ അശ്രിതനായിരുന്നു. മാർത്താണ്ഡവർമ്മയുടെ കവിസദസ്സിലെ ഒരാൾ കൂടിയായിരുന്നു കുഞ്ചചൻ നമ്പ്യാർ.

1770ൽ അസലപ്പുഴയിൽ വെച്ച് പേവിഷബാധയേറ്റാണ് അദ്ദേഹം മരിച്ചത് എന്നാണ് പറയുപ്പെടുന്നത്. ഫലിതസമ്രാട്ട് കവിത ചാട്ടവാറാക്കിയ കവി തുടങ്ങിയ നാമവിശേഷണങ്ങളും അദ്ദേഹത്തിനുണ്ട്. 'ക്ഷീരമുള്ളോകിടിതൻ ചുവട്ടിലും ചോരതന്നെ കൊതുകിന്നു കൗതുകം', 'ചെറുപ്പകാലങ്ങളിലുള്ള ശീലങ്ങൾ മറക്കുമോ മാനുഷനുള്ള കാലം' എന്നിവ അദ്ദേഹത്തിന്റെ

പ്രസിദ്ധമായ കവിതാ വരികളാണ്.

## ചെറുശ്ശേരി

ചെറുശ്ശേരിനമ്പൂതിരി 15ആം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന മലയാളം ഭാഷാകവിയാണ്. പ്രാചീന കവിത്രയങ്ങളിൽ



ഒരാൾകൂടിയാണ് അദ്ദേഹം. ഉത്തര കേരളത്തിൽ പഴയ കുരുമ്പനാട് താലൂക്കിലെ വടകരയിൽ ചെറുശ്ശേരി ഇല്ലത്തിൽ ജനിച്ചു. എന്നാൽ അങ്ങനെയൊരില്ലം ഇന്നില്ല. കോലത്തു നാട്ടുരാജാവായ ഉദയവർമന്റെ ആശ്രിതനായിരുന്നു ചെറുശ്ശേരി. ഭക്തി, ഫലിതം, ശൃംഗാരം എന്നീ ഭാവങ്ങളാണ് അദ്ദേഹത്തിന്റെ കാവ്യങ്ങളിൽ ദർശിക്കാനാകുന്നത്. കൃഷ്ണഗാഥയാണ് പ്രധാനകൃതി. ഗാഥാപ്രസ്ഥാനത്തിന്റെ ഉപജ്ഞതാവായി ചെറുശ്ശേരിയെ കണക്കാക്കുന്നു. സംസ്കൃത പദങ്ങളും, തമിഴ് പദങ്ങളും ഏറെക്കുറെ ഉപേക്ഷിച്ച് ശുദ്ധമായ മലയാള ഭാഷയിലാണ് കൃഷ്ണഗാഥ രചിച്ചിരിക്കുന്നത്. ശുദ്ധമലയാളത്തിൽ രചിക്കപ്പെട്ട ആദ്യത്തെ ബഹത് കാവ്യമായി ഇതിനെ കണക്കാക്കുന്നു.

മലയാള ഭാഷയുടെ ശക്തിയും സൗന്ദര്യവും ലാളത്യവും കാണാനാവുന്ന ആദ്യ കൃതിയായും കൃഷ്ണഗാഥയെ കണക്കാക്കാം. കൃഷ്ണഗാഥ കൃഷ്ണപ്പാട്ട്, ചെറുശ്ശേരിഗാഥ എന്നും അറിയപ്പെടുന്നു. ശ്രീകൃഷണന്റെ അവതാരം മുതൽ സ്വർഗാരോഹണം വരെയുള്ള കഥകളാണ് ഖ കൃഷ്ണഗാഥയിൽ ഉള്ളത്. മലയാള സാഹിത്യത്തിലെ ആദ്യ മഹാകവി എന്ന പേരിൽ ചെറുശ്ശേരി പ്രശസ്തമാണ്. ഋതുക്കളുടെ കവി എന്നും ഇദ്ദേഹത്തെ വിശേഷിപ്പിക്കാറുണ്ട്. 1575ന് ചെറുശ്ശേരി ഈ ലോകത്തോട് വിട പറഞ്ഞു.

## തുഞ്ചത്തെഴുത്തച്ഛൻ

ആധുനിക മലയാള ഭാഷയുടെ പിതാവും എന്നും വിശേഷിപ്പിക്കപ്പെടുന്ന ഭക്തകവിയാണ് എഴുത്തച്ഛൻ. പ്രാചീന കവിത്രയത്തിലെ ഒരാളായ എഴുത്തച്ഛനെ മലയാളത്തിന്റെ സാംസ്ക്കാരിക ചിഹ്നമായി കരുതി പോരുന്നു.

ഇദ്ദേഹത്തിന്റെ ജീവിത കാലത്തെക്കുറിച്ച് വ്യക്തമായ വിവരണങ്ങളില്ലെങ്കിലും പതിനഞ്ചാം നൂറ്റാണ്ടിനും പതിനാറാം നൂറ്റാണ്ടിനും ഇടയിലായി ജീവിച്ചിരുന്നു എന്നാണ് കരുതപ്പെടുന്നുത്. മലപ്പുറം ജില്ലയിലെ തിരൂരിൽ തുഞ്ചൻ പറമ്പാണ് ജന്മസ്ഥലം.



യോഗിയും അദ്ധ്യാപകനുമായി അദ്ദേഹത്തെ കരുതുന്നു, എഴുത്തച്ഛനാണ് കിളിപ്പാട്ടു പ്രസ്ഥാനത്തിന്റെ ഉപജ്ഞതാവ്. കവിയുടെ അദ്യാർത്ഥനമാനിച്ച് കിളി ചൊല്ലുന്ന രീതിയിലുള്ള അവതരണ ശൈലിയാണ് കിളിപ്പാട്ട്. എഴുത്തച്ഛന്റെ കാവ്യങ്ങളിൽ മലയാളത്തിനു പുറമെ സംസ്കൃത പദങ്ങൾ ധാരാളമായി ഉപയോഗിച്ചു കാണുന്നുണ്ട്. അദ്ധ്യാത്മരാമായണം കിളിപ്പാട്ട്, മഹാഭാരതം കിളിപ്പാട്ട് എന്നിവ അദ്ദേഹത്തിന്റെ കൃതികളാണ്. ഈ കൃതികൾ ഇതിഹാസ കാവ്യങ്ങളായ വാല്മീകി രാമായണം, വ്യാസഭാരതം എന്നിവയുടെ സ്വാതന്ത്ര പരിഭാഷകളായിരുന്നു. ഈ രണ്ടു കൃതികൾക്ക് പുറമെ ഹരിനാമകീർത്തനം, ഭാഗവതം കിളിപ്പാട്ട് എന്നീ ചെറിയ കാവ്യങ്ങളും എഴുത്തച്ഛനാണന്റേതായിട്ടുണ്ടെന്നു കരുതപ്പെടുന്നു.

മലയാള ഭാഷയുടെ പിതാവായ എഴുത്തച്ഛൻനാണ് 30അക്ഷരമുള്ള വട്ടെഴുത്തിനു പകരം 51 അക്ഷരമുള്ള മലയാള ലിപി കൊണ്ടുവന്നത്. 'ഹരിശ്രീ ഗണപതായേ നമഃ' എന്നും മണലിലെഴുതി അക്ഷരമെഴുത്ത് കുട്ടികൾക്ക് പരിശീലിപ്പിക്കുന്ന സമ്പ്രദായം എഴുത്തച്ഛൻ തുടരുകയാണ്. തുഞ്ചത്തെഴുത്തച്ഛന്റെ സ്മരണനിലനർത്തുന്നതിനായി ആഘോഷിക്കുന്ന ദിനമാണ് തുഞ്ചൻ ദിനം. എല്ലാ വർഷവും ഡിസംബർ 31നാണ് തുഞ്ചൻ ദിനം കൊണ്ടാടുന്നത്.

# ആധുനീക കവിത്രയങ്ങൾ

## വള്ളത്തോൾ

കേരള മഹാകവിയും കേരള കലാമണ്ഡലത്തിന്റെ

സ്ഥാപകനുമാണ് വള്ളത്തോൾ നാരായണമേനോൻ. ആധുനികമലയാള കവിത്രയത്തിൽ ഒരാളായ അദ്ദേഹം സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിന്റെ ചാലകശക്തിയായും അറിയപ്പേടുന്നു. 'കേരള വാല്മീകി','കേരള ടാഗോർ, എന്നിവ അദ്ദേഹത്തിന്റെ നാമവിശേഷണങ്ങളാണ്. 1878 ഒക്ടോബർ 16ന് മലപ്പുറം ജില്ലയിലെ തിരൂരിൽ മംഗലം



എന്ന ഗ്രാമത്തിൽ കടുങ്ങാട്ട് മല്ലിശ്ശേരി ദാമോദരൻ ഇളയതിന്റെ കുട്ടിപ്പാറു അമ്മയുടെയും മകനായി ജനനം.

വളരെ ചെറുപ്പത്തിൽ തന്നെ കവിതയെഴുത്ത് തുടങ്ങിയ അദ്ദേഹം അഷ്ടാംഗഹൃദയം, സംസ്കൃതം, തർക്കശാസ്ത്രം എന്നിവ അഭ്യസിച്ചിരുന്നു. 1908-ൽ ഒരു രോഗബാധയെ തുടർന്ന് അദ്ദേഹം ബധിരനായി. ഇതേത്തുടർന്ന് 'ബധിരവിലാപം' എന്ന കവിത രചിച്ചു.

ഗാന്ധിജിയോടുള്ള ആരാധനയിൽ ഗാന്ധിജിയെക്കുറിച്ചെഴുതിയിട്ടുള്ള കവിതയാണ് എന്റെ 'ഗുരുനാഥൻ'. 'ചിത്രയോഗം' എന്ന മഹാകാവ്യം പ്രസിദ്ധികരിച്ചതോടെയാണ് അദ്ദേഹം മഹാകവിയായി അറിയപ്പെടാൻ തുടങ്ങിയത്. അച്ഛനും മകളും, ഇന്ത്യയുടെ കരച്ചിൽ, ബാപ്പുജി, കൊച്ചുസീത, മഗ്ദലനമറിയം, വാല്മീകകിരാമായണം എന്നിവ അദ്ദേഹത്തിന്റെ പ്രധാന കൃതികളാണ്.

1955ൽ പത്മഭൂഷൺ ബഹുമതി ലഭിച്ചു. 1958 മാർച്ച് 13ന് 79ആം വയസ്സിൽ വള്ളത്തോൾ അന്തരിച്ചു. അദ്ദേഹത്തിന്റെ പേരിൽ വള്ളത്തോൾ സാഹിത്യസമതി ഏർപ്പെടുത്തിയ പുരസ്കാരമാണ് 'വള്ളത്തോൾ പുരസ്കാരം'.

## കുമാരനാശാൻ

മലയാളകവിതയുടെ കാല്പനികവസന്തത്തിനു തുടക്കംക്കുറിച്ചകവിയാണ് എൻ കുമാരനാശാൻ. 1873 ഏപ്രിൽ 12ന് ചിറയിൻകീഴ് താലൂക്കിൽ അഞ്ചുതെങ്ങ്

ഗ്രാമത്തിലെ തൊമ്മൻവിളാകം വീട്ടിലാണ് കുമാരു (കുമാരനാശാൻ) ജനിച്ചത്. ആശാന്റെ കൃതികൾ കേരളീസമൂഹജീവിതത്തിൽ വമ്രിച്ച പരിവർത്തനങ്ങൾ വുരുത്തുലാൻ സഹായകമായി.ആധുനീക കവിത്രയങ്ങളിൽ ഒരാളുമാണ് കുമാരനാശാൻ. ആശയഗംഭീരൻ, സ്നേഹഗായകൻ എന്നിവ അഹ്ഹേഹത്തിന്റെ വിശേഷണങ്ങളായി പറയാറുണ്ട്.



യഥാർത്ഥ നാമം കുമാരു എന്നാണ്. സംസ്കൃതവും, വേദാന്തപുരാണങ്ങളും പഠിച്ച കുമാരനാശാൻ 1891 ൽ ശ്പീനാരായണ ഗുരുവിന്റെ ശിഷ്യനായി. സന്ന്യാസിയാവാൻ പുറപ്പെട്ട ആശാനെ ഉപരിപഠനത്തിനയച്ചത് ഗുരുവാണ്. ഒരു സംസ്കൃത പാഠശാല ആരംഭിച്ച് സംസ്കൃതം പഠിപ്പിച്ചു തുടങ്ങിയ തോടുകൂടിയാണ് കുമാരു 'കുമാരനാശാൻ' ആയത്. ഡോ. പൽപ്പു ശ്രീനാരായണ ഗുരു എന്നിവരിടെ നേതൃത്വത്തിൽ ശ്രീനാരായണ ധർമ്മപരിരാലന യോഗം (S N D P) രൂപീകരിച്ചപ്പോൾ 1903 ൽ ജൂൺ4 ന് ആശാൻ അതിന്റെ പ്രഥമ സെക്രട്ട്രിയായി. 1904 മെയിൽ ആശാൻ അതിന്റെ പത്രാധിപരുമായി. സമൂഹിക ഉച്ചനിചത്വങ്ങൾക്കെതിരെ തൂലിക പടവാളാക്കിയ കുമാരനാശാൻ ഖണ്ഡകാവ്യങ്ങൾ മാത്രമെഴുതി മഹാകാവിപ്പട്ടം കരസ്ഥമാക്കി. 1907ൽ അദ്ദേഹം എഴുതിയ വീണപൂവ് മലയാളത്തിലെ ആദ്യ ലക്ഷണമൊത്ത ഖണ്ഡകാവ്യമാണ്. ഈ കൃതി മലയാളസാഹിത്യത്തിൽ കാല്പനിക പ്രസ്ഥാനത്തിന് തുടക്കം കുറിച്ചു. കവിയെന്നനിലയിൽ മദ്രാസ് സർവകലാശാലയുടെ കീർത്തിമുദ്ര ലഭിച്ച വ്യക്തിയാണ് കുമാരനാശാൻ. കൂടാതെ 1922 ൽ കേരളത്തിലെ മഹാകവി എന്ന നിലയിൽ അദ്ദേഹം ഇംഗ്ലണ്ടിലെ വെയിൽസ് രാജകുമാരനിൽനിന്നും അദ്ദേഹം പട്ടും വളയും സമ്മാനമായി സ്വീകരിച്ചു. നളിനി, ലീല, ബാലരാമായണം, ചിന്താവിഷ്ടയായ സീത, ദുരാവസ്ഥ, ചാണ്ഡലഭിക്ഷുകി, കരുണ എന്നവ അദ്ദേഹത്തിന്റെ പ്രധാന കൃതികളാണ്. 1924 ജനുവരി 16 ന്

അദ്ദേഹം സഞ്ചരിച്ച ബോട്ട് മറിഞ്ഞ് മുങ്ങിമരിച്ചു.

## ഉള്ളൂർ

മലയാള ഭാഷയിലെ പ്രമുഖകവിയും പണ്ഡിതനുമാണ് മഹാകവി ഉള്ളൂർ എസ് പരമേശ്വരയ്യർ. 1877ജൂൺ6 ചങ്ങനാശ്ശേരിക്കടുത്ത് പെരുന്നയിലെ താമരശ്ശേരിയിൽ ജനനം. പിതാവ്, സുബ്രഹ്മണ്യ അയ്യർ മാതാവ് ഭഗവതിയമ്മ. കുട്ടിക്കാലം മുതൽക്കെ സാഹിത്യ വാസന പ്രകടിപ്പിച്ചിരുന്ന ഉള്ളൂർ, ആധുനിക കവിത്രയത്തിൽ ഒരാളായി വിശേഷിക്കപ്പെടുന്നു. കവി എന്നതിനുപുറമേ സാഹിത്യ ചരിത്രകാരൻ, ഭാഷാഗവേഷകൻ, ഉദ്യോഗസ്ഥൻ എന്നീ നിലകളിലും ഉള്ളൂർ പേരെടുത്തിരുന്നു. തിരുവതാംകൂർ സർക്കാറിന്റെ ചീഫ് സെക്രട്ടറിയായും




സേവനമനുഷ്ഠിച്ചിട്ടുണ്ട്. കഠിന സംസ്കൃതപദങ്ങൾ ധാരാളമായി ഉപയോഗിക്കുന്നത് അദ്ദേഹത്തിന്റെ രചനാശൈലിയായിരുന്നു. ഉജ്ജ്വല ശബ്ദഢ്യൻ എന്നും കേരള സാഹിത്യചരിത്രത്തിന്റെ, കർത്താവെന്നും അദ്ദേഹം അറിയപ്പെട്ടു. 1914ൽ മഹാകവ്യമായ ഉമാകേരളം രചിച്ചു. കാല്പനിക പ്രവണത ഉൾകൊള്ളുന്ന ഖണ്ഡകാവ്യങ്ങളും ഭാവഗീതശൈലിയുള്ള ലഘു കവിതകളും ഇദ്ദേഹം രചിച്ചിട്ടുണ്ട്. പ്ംഗള, കർണ്ണ ഭൂഷണം, ചിത്രശാല, ദീപാവലി തുടങ്ങിയ കവിതാസമാഹാരങ്ങളും അദ്ദേഹത്തിന്റെ സൃഷ്ടിയിൽ മുൻപന്തിയിൽ നിൽക്കുന്നു. ഇദ്ദേഹത്തിന്റെ കേരള സാഹിത്യ ചരിത്രമായി പരിഗണിക്കുന്നു. 1973ൽ തിരുവതാംകൂർ രാജഭരണകൂടം ഉള്ളൂരിന്

മഹാകവി ബരുദം നൽകി. കൊച്ചി മഹാരാജാവ് കവിതിലകൻ പട്ടവും, കാശിവിദ്യാപീഠം സാഹിത്യഭൂഷൻ ബരുദവും സമ്മാനിച്ചു. 1949 ജൂൺ15ന് 72ആം വയസ്സൽ ഉള്ളൂർ അന്തരിച്ചു.

## മനസ്സിനെ കീഴടക്കിയ ലേഖകൻ-വൈക്കം മുഹമ്മദ് ബഷീർ


വൈക്കം മുഹമ്മദ് ബഷീർ 1908 ജനുവരി 21ന് കോട്ടയം ജില്ലയിലെ വൈക്കത്തിനടുത്ത് തലയോലപ്പറമ്പിൽ കായി അബ്ദുറഹ്മാക്കിന്റെയും മകനായി ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസം തലയോലപ്പറമ്പിലെ മലയാളം പള്ളിക്കുടത്തിലും വൈക്കം ഇംഗ്ലിഷ് സ്കൂളിലുമായിരുന്നു.



ബേപ്പൂർ സുൽത്താൻ എന്നറിയപ്പെടിന്ന അദ്ദേഹം മലയാള നോവലിസ്റ്റ്, കഥാകൃത്ത് സ്വാതന്ത്ര സമര സേനാനി എന്നീ നിലകളിൽ പ്രശസ്തനാണ്. ഉപ്പുസത്യാഗ്രഹത്തിൽ പങ്കെടുത്ത് ജയിൽവാസം അനുഭവിച്ചു. ജനകീയനായ എഴുത്തുകാരനായിരുന്നു അദ്ദേഹം. 1958 ഡിസംബർ 18ന് ഫാത്തിമ ബീവിയെ വിവാഹം കഴിച്ചു.

തങ്കമാണ് പ്രസിദ്ധീകരിച്ച് ആദ്യ കഥ. പ്രേമലേഖനം ആദ്യ നോവലും, തന്റേതുമാത്രമായ വാക്കുകളും, ശൈലികളുമാണ് അദ്ദേഹത്തിന്റെ രചനകളുടെ സവിശേഷത. ബല്യകാലസഖി, ന്റുപ്പുപ്പായ്ക്കോരാനണ്ടായിരുന്നു, പാത്തുമ്മയുടെ ആട്, മതിലുകൾ, ഭൂമിയുടെ അവകാശികൾ എന്നിവ ബഷീറിന്റെ ശ്രദ്ധേയമായ കൃതികളാണ്. 1970ൽ കേരള സാഹിത്യ അക്കാദമി അവാർഡും, 1982 ൽ പത്മശ്രീ പുരസ്കാരം, 1989ൽ കോരള സംസ്ഥാന ചലചിത്ര പുരസ്കാരം, 1992ൽ ലളിതാംബിക അന്തർജനം

പുരസ്കാരം, 1993ൽ മുട്ടത്തുവർക്കി അവാർഡും, വെള്ളത്തോൾ അവാർഡ് എന്നീ പുരസ്കാരങ്ങൾ അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. 1994 ജുലൈ 5ന് ബഷീർ അന്തരിച്ചു.



## ജീവിതത്തിന്റെ യാത്ര

മറ്റ്കുട്ടികളെ അപേക്ഷിച്ച് താൻ ഒരുപാട് പിറകിലാണ് പഠനത്തിലും ജീവിതത്തിലും. മറ്റകുട്ടികളണിയുന്നപോലെ ഒരു നല്ല കുപ്പായം അണിയുവാനോ ഒന്നുതനിക്ക് ഒരു അവസരവും ലഭിച്ചിട്ടില്ല. ഏറെ പ്രയാസപ്പെട്ടിട്ടുണ്ട്. ഏറെ അവഗണനങ്ങൾ കേൾക്കേണ്ടി വന്നിട്ടുണ്ട്. എന്നാൽ പ്രതിക്ഷിക്കാതെയായിരുന്നു ഒരു മുന്നേറ്റം. തന്റെയും തന്റെ കുടുംബത്തിന്റെയും എല്ലാം ദുഃഖവും ദാരിദ്ര്യവും ഇല്ലാതാവാൻ പോകുന്നു. എന്നാൽ ഒന്നു ഒർത്തു മനസ്സ് വെമ്പുകയാണ്. തനിക്ക് പ്രിയപ്പെട്ട തന്റെ അമ്മ മറുനാട്ടിൽ പോവുന്നതിൽ തന്റെ മനസ്സ് പിടയുന്നു എന്നാൽ അമ്മ ഉള്ളപോൾ അതിന്റെ വില അറിയാൻ സാധിക്കുകയില്ലേ..... അമ്മ മറുനാട്ടിൽ പോയിട്ട് ഒരു വർഷം കഴിഞ്ഞിരിക്കുന്നു.....

അടിക്കളയിൽ വളരെ പണിയെടുത്ത് തിരക്കിട്ടുകയാണ് അച്ഛനും ചേച്ചിമാരും. അതിന്റെ ഇടയിൽ നിന്ന് ഒരു കുഞ്ഞി ശബ്ദം പുറപ്പെട്ടു.

ചേച്ചി അമ്മ എന്നാണ് വരുക? ചാരു ചെറു പരിഭവത്തോടെ ചോദിച്ചു.

ചാരു നീ അടുക്കളയിൽനിന്ന് പൊക്കെ ചെച്ചിക്ക് തിരക്കാണ്. പിന്നീട് ചേച്ചി കുഞ്ഞിന്റെ അടുത്ത് വരാം

അനുമോളേ നീ പൊക്കൊ. കുഞ്ഞ് വിളിച്ചതല്ലേ ഞാൻ ഇവിടുത്തെ കാര്യം നോക്കിക്കൊള്ളാം. അച്ഛൻ അനുവിനെ നോക്കി പറഞ്ഞു.

വേണ്ട അച്ഛാ... ഇവിടുത്തെ കാര്യങ്ങൾ തന്നെ നോക്കാൻ അച്ഛനാവില്ല. അച്ഛൻ അവിടെ പോയി ഇരുന്നോ ഞാൻ ഇപ്പോൾ ഭക്ഷണം കൊണ്ടുവരാം.

തന്നെയുള്ള ഈ വീർപ്പമുട്ടലിൽ താൻ ഏറെ പ്രയാസവതിയാണ്. അമ്മയില്ലാതെ ഞാൻ എങ്ങനെ ........ തനിക്ക് അവുമോ? ഇത്തരത്തില്ലുള്ള ചിന്തകൾ ആണ് അനുവിന്റെ മനസ്സിൽ നിറയെ..... രണ്ടു വർഷങ്ങൾക്ക് ശേഷം അനുവിന് ഇപ്പോൾ പതിനെട്ട് വയസ്സാണ് ചാരുവിന് പത്ത് വയസ്സുമാണ്. അനു ഇപ്പോൾ കാര്യപ്രപതിയായ ഒരു പെൺ കുട്ടിയായിരിക്കുന്നു. വിട്ടിലെകാര്യങ്ങൾ ചെയ്യാൻ അവർക്ക് ആരുടെയും സഹായം അവിശ്യമില്ല.

അച്ഛാ ചാരുമോൾ ഒരുങ്ങി കഴിഞ്ഞു. വാ നമ്മുക്ക് എളുപ്പം പോവാം അനു മോളെ നീ കണ്ടോ അവളുടെ ഒരു തിടുക്കം അമ്മ വരും എന്ന് അറിഞ്ഞപ്പോൾ ഇവർക്ക് എന്നോട് ഒരു കൂട്ടമില്ല.

ഇത്രയൊക്കെ പറഞ്ഞിട്ടു അനുവിന്റെ ചുണ്ടിൽനിന്ന് ഒരു ഇളം പുഞ്ചിരിമാത്രമായിരുന്നു. അമ്മ വരും എന്ന് കേട്ട്പ്പോൾ തന്നെ താൻ ഏറെ സന്തോഷിച്ചതാണ്. എന്നാൽ അമിതസന്തോഷം നന്നലല്ലോ..... വെളുപ്പിന് നാല് മണിയാണ് സമയം പുറത്ത് നല്ല മഞ്ഞും. ഡ്രൈവർ വന്നിട്ടില്ല. ഇപ്പോൾ തന്നെ വരുമായിരിക്കും. ഇത്തരത്തിൽ ചിന്തിച്ചുകൊണ്ടിരിന്നപ്പോൾത്തന്നയാണ് ഡ്രൈവർവന്നത്. ചാരു മോൾ വളരെ അകാംഷയോടെ വണ്ടിയിൽ ചാടിക്കയറി. അവർ ഉദ്ദേശിച്ച സ്ഥലത്തിന്റെ പകുതി എത്താറായപ്പോൾ രാജീവനൊരു ഫോൺ കോൾ വന്നു.

ഫോണിൽ അച്ഛൻ എന്തൊക്കയോ പറയുന്നു അച്ഛന്റെ ശബ്ദം ഇടറുന്നതായി അനു ശ്രദ്ധിച്ചു പെട്ടെന്നായിരുന്നു വണ്ടിത്തിരിച്ചത് എന്നാൽ ഒന്നും മനസ്സിലാകാതെ അനുവും ചാരുവും വണ്ടിയിൽ തന്നെ ഇരുന്നു. വീട്ടിൽ എത്തിയപ്പോൾ കുറച്ചാളുകൾ വന്നിരിക്കുന്നത് അനുവിന്റെ ശ്രദ്ധിയിൽപ്പെട്ടു. നാട്ടിൽനിന്നും ആളുകൾ വന്നിട്ടുണ്ട് അവളുടെ മനസ്സ് എന്തോ തനിക്ക് താങ്ങാവുന്നതിന് അപ്പുറമായി വരാനിരിക്കുന്നതുപോലെ മന്ത്രിച്ചു.

ഇപ്പോൾ വീട് നിറയെ ആളുകളാണ്. ചാരു കുറേ നേരമായി കാര്യമന്വേഷിക്കുന്നു. എന്നാൽ തനിക്ക് എന്ത് പറയണമെന്ന് അറിയില്ലായിരുന്നു. വീടിന് മുൻഭാഗത്തായി അമ്പുലൻസ് വന്ന് നിർത്തി. എല്ലാവരും ഓടിയടക്കുന്നു. എന്നാൽ തനിക്ക് എന്താണ് നടക്കുന്നത് എന്ന് മാത്രം മനസ്സിലാകുന്നില്ല.

ചേട്ടനായിരുന്നു....... ഒരു കരച്ചിലും ബഹളവും...... ഒരു
മരണവീട്ടുപ്പോലെ...... തന്റെ അമ്മയുടെ മൃതദേഹമാണ് താൻ കണ്ടത്. താൻ ഒരിക്കിലും കാണാൻ അഗ്രഹിക്കാത്ത ദൃശ്യം. തന്റെ തലക്കകത്തെ ഞരമ്പുകൾ പൊട്ടുന്നതുപൊലെ അവൾക്കുതോന്നി. യതാർഥത്തിൽ നിർജീവമായിപ്പോയി ഞാൻ. ചാരു അവളെന്തു പറയും? ഇനി താൻ എന്തു ചെയ്യും? തനിക്കറിയില്ല... ഒന്നു മാത്രം ഞാൻ അമ്മക്ക് കൊടുത്ത വാക്കാ ഞാൻ നിറവേറ്റും

കീർത്തനാ സുധീഷ് 9B



# മകളെ മാപ്പ്

ഐശ്വര്യശോഭയാം പ്രകാശകിരണമെ
നിൻ ഹൃദയതുടിപ്പീ പാരിൻ ജീവതാളം
നീ താൻ ഈ പ്രപഞ്ചത്തിൻ പ്രാണകോശം
നിന്നാലെതാനീ ലോകം നിലകൊള്ളവേ...
നിന്നഭാവത്തിലീ ലോകമെ അസ്ത്മിപ്പൂ
അഴകിൻ ദേവതെ ഉലകിൻ താളമെ
തായ്ത്ൻ പിഞ്ചോമനേ...
പിതാവിൻ അരുമക്കിളിയേ...
പതിയ്ക്കയ് നെട്ടോട്ടമോടും പത്നിയേ...
മാതൃത്വത്തിൻ സ്നേഹതളികയേ...
ആങ്ങളയ്ക്ക്ക്കായ് നിലകൊള്ളവേ
പെങ്ങളായ് കുസൃതികൾ നിരത്തി നീ
എങ്ങുംനിറഞ്ഞുനിന്നുനിൻ പ്രഭ
എന്തിനീലോകം നിന്നെ ചതിച്ചു
പാറിക്കളിക്കും ചിത്രശലഭാം നിൻ ജീവിതത്തെ
ഇരുട്ടിന്നഴിയിലേക്കു തള്ളിവിട്ടു.
സംരക്ഷണംനൽകേണ്ട കൈകൾ
നിന്നെ കീഴ്പ്പെടുത്തവേ
അന്ധമാമീ പ്രപഞ്ചത്തോടൊ നിൻ പ്രതിഷേധം
കഴുകൻ കണ്ണുകൾ നിന്നിൽ പതിക്കവേ
എങ്ങുപോയ്മറഞ്ഞ നീതിതൻ കാവൽക്കാർ
നേരിൻ നീതിദേവത
തിരിച്ചറിവുനഷ്ട്പ്പെട്ട ഭ്രാന്തമാം സമൂഹത്തിലെ
ജന്മമൊ നീ ചെയ്ത പാപം
പിതാവിൻ ധർമ്മത്തെ മറക്കും
നിഷ്ക്യീയ സമൂഹത്തിലെ പിറവിയൊ
നീ ചെയ്ത പാപം
നിന്നെ മാനിക്കും പ്രപഞ്ചമേ നിലകൊള്ളൂ...
മാപ്പൂനൽകൂ പെണ്ണേ നീ
ഉലകിൻ നാദിയേ,പാരിൻ നീ
നിനക്കെന്റെ
വന്ദനം.......

**ശിവപ്രിയ അനൂരൂപ് 9B**

# <u>സ്വപ്നങ്ങൾ</u>

നേരം ഇരുട്ടി തുടങ്ങി,അവൾ അമ്മയുമൊത്ത് നിദ്രയിൽ ആണ്ടു.കാലത്ത് അഞ്ച് മണിക്ക് ഉണർന്നിരുന്ന അമ്മയ്ക്ക് സൂര്യരശ്മി വീടിന്റെ  കട്ടിളപടിക്കൽ എത്തിയിട്ടും അനക്കമില്ല.അവൾ അമ്മയെ തുടർച്ചയായി  വിളിച്ചു.അമ്മ ഉണരുന്നില്ല.പതിയെ അവൾ മനസ്സിലാക്കി,തന്റെ അമ്മ ഇനിയില്ല. ആ ഒൻപതുവയസ്സുകാരിയുടെ ഹൃദയത്തെ അത് തളർത്തിക്കളഞ്ഞു.അമ്മ തന്നെ നോക്കിയിരുന്നത് പല വീടുകളിലും കൂലിപണിക്കു പോയിട്ടായിരുന്നു.അച്ഛൻ ഒരു മുഴുമദ്യപാനി.സന്ധ്യക്ക് വീട്ടിലെത്തുമ്പോൾ അച്ഛൻ അമ്മയെ പൈസയ്ക്കായി തല്ലുന്നത് ആ കുഞ്ഞ് വിങ്ങലോടെ കുണ്ടു നിൽക്കുമായിരുന്നു.

അമ്മയുടെ മരണം അവളിൽ സങ്കടമുണ്ടാക്കിയെങ്കിലും ഈ ഖിന്നതകളിൽ നിന്നും അമ്മ രക്ഷപ്പെട്ടതിനെയോർത്ത് അവൾ ആശ്വസിച്ചു.സംസ്കാര ചടങ്ങുകൾ എല്ലാം കഴിഞ്ഞു.അന്നു രാത്രി കൂട്ടിനായി ആയിഷ താത്ത അവളുടെ അടുക്കൽ ചെന്ന് കിടന്നു.അവരുടെ കരസ്പർശം അവളെ അമ്മയുടെ ഓർമ്മകളിലേക്ക് നയിച്ചു.അത്ര നേരം മൂകമായിരുന്ന അവൾ പെട്ടന്ന് പൊട്ടിക്കരയാൻ തുടങ്ങി.ആയിഷ താത്ത അവളെ ആശ്വസിപ്പിച്ചു.നാളുകൾ കടന്നു പോയി.അച്ഛൻ രണ്ടാം വിവാഹം ചെയ്തു.രണ്ടാനമ്മ അവളെ മാനസികമായി ഏറെ പീഡിപ്പിച്ചു.വിദ്യാലയത്തിൽ സ്ഥിരമായി പോകാതായി.ചില രാത്രികളിൽ അവൾ അമ്മയുടെ ചിത്രവും കെട്ടിപ്പിടിച്ചു കരയുമായിരുന്നു.തുടർച്ചയായി വിദ്യാലയത്തിൽ എത്താതെയായപ്പോൾ അധ്യാപകർ വീട്ടിലെത്തി രണ്ടാനമ്മ ഇനി അവളെ പഠിപ്പിക്കുന്നില്ല എന്ന് തറപ്പിച്ചു പറഞ്ഞു.തന്റെ അമ്മയുണ്ടായിരുന്നെങ്കിൽ എന്ന് അവൾ ഏറെ ആഗ്രഹിച്ചു.മാതാപിതക്കന്മാർ തങ്ങളുടെ കുട്ടികളുമൊത്ത് ചിലവഴിക്കുന്ന നിമിഷങ്ങൾ അവൾ കൊതിയോടെ നോക്കി നിന്നു.ആ കുഞ്ഞു പ്രായത്തിൽ തന്നെ അവൾ

സഹിക്കാവുന്നതിന്റെ പരമാവതി സഹിച്ചു.

അന്നൊരു പൗർണ്ണമി ദിനമായിരുന്നു.രണ്ടാനമ്മയുടെ ക്രൂരമർദനങ്ങളാൽ ദുഃഖിതയായ ആ കുഞ്ഞ് അമ്മയെ മനസ്സിൽ കണ്ടുകൊണ്ട് മയക്കത്തിലേക്ക് ആണ്ടു.അമ്മയവളുടെ സ്വപ്നങ്ങളിലേക്ക് ഇറങ്ങിവന്നു.

"മോളെ ഇതമ്മയാ...എന്റെ കുഞ്ഞ് ഒരിക്കലും വിഷമിക്കരുത്...അമ്മയെന്നും നിന്നോടൊപ്പമുണ്ട്.പഠിച്ച് മിടുക്കിയാകണം.”"പക്ഷെ അമ്മേ രജനിയമ്മ എന്നെ പഠിക്കാൻ വിടുന്നില്ല.”"മോള് വിഷമിക്കണ്ട അതിനല്ലെ നമ്മുടെ നാട്ടിൽ പോലീസും പട്ടാളവുമെല്ലാം.കുഞ്ഞ് അവരോട് നിന്റെ വിഷമങ്ങളെല്ലാം പറയു...”അമ്മ പതിയെ പുറകിലോട്ട് മാഞ്ഞു.അവൾ ഉറക്കത്തിൽ നിന്നും ഞെട്ടി എഴുന്നേറ്റു.വീടിന്റെ പോളിഞ്ഞ ഭിത്തിയിൽ തൂങ്ങി കിടക്കുന്ന ഘടികാരത്തിലെക്ക് ദൃഷ്ടി പതിപ്പിച്ചു.സമയം ആറുമണിയായി.കിടക്കപ്പായയിൽ നിന്നുമിറങ്ങി.നേരെ ചൂലുമായി മുറ്റത്തേക്ക് അടിച്ചുവാരുന്നതിനിടയിൽ അവൾ അമ്മ സ്വപ്നത്തിൽ പറഞ്ഞ കാര്യങ്ങളെ കുറിച്ച് ആലോചനയിൽ ആണ്ടു.ചൂല് നിലത്തിട്ട് രജനിയമ്മ കാണാതെ നേരെ ആയിഷ താത്തയുടെ വീട്ടിലേക്ക്.തന്റെ വിഷമങ്ങളെയെല്ലാം ആയിഷ താത്തയോട് തുറന്നു പറഞ്ഞു.

ആയിഷ താത്ത പോലീസിനറിയിച്ചതിനെ തുടർന്ന് രജനിയമ്മയുടെ അടുക്കൽ എത്തി പോലിസ്.ആ കുഞ്ഞ് നാളുകൾക്ക് ശേഷം തന്റെ വിദ്യാലയത്തിലേക്ക് തിരിച്ചെത്തി.ഇന്നവൾ തന്റെ അമ്മയുടെ സ്വപ്ന സാക്ഷാത്കാരത്തിനായുള്ള പരിശ്രമത്തിലാണ്.തന്റെ ദുരിതങ്ങളാകുന്ന മതിലുകളെ മഴവില്ലുകളാക്കുന്നതിന്റെ തിരിക്കിലാണ്.....അവളുടെ ജീവിതത്തിലുടനീളം അമ്മയുടെ സാനിദ്ധ്യമുണ്ട്.ഇനിയെന്താകുമെന്ന ചോദ്യചിഹ്നവുമായി അവളുടെ ജീവിതം ബാക്കിയാകുന്നു.....

**അനിക മരിയ ജോൺ-9B**

# ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലെ വഴിത്തിരിവുകൾ

## ആമുഖം

ലോകത്തിൽ മിക്ക രാജ്യങ്ങൾക്കും സ്വാതന്ത്ര്യം നൽകിയ രാജ്യം ബ്രിട്ടൻന്റെ പേരിലുള്ള ഗിന്നസ് റെക്കോഡാണിത് ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കം വരെ ലോക ജനസംഖ്യയുടെ അഞ്ചിലൊന്നും ഈ സൂര്യനസ്തമിക്കാത്ത സാമ്രാജ്യത്തിന്റെ കീഴിലായിരുന്നു ഇന്ത്യയടക്കമുള്ള കോളനികളെ കൊള്ളയടിച്ചാണ് വെറും ബ്രിട്ടൻ ഗ്രേറ്റ് ബ്രിട്ടനായി മാറിയത്. ഒടുവിൽ അവർ ഔദാര്യമായി നൽകിയതല്ല നമ്മുടെ സ്വാതന്ത്ര്യം. പതിറ്റാണ്ടുകൾ നീണ്ട സന്ധിയില്ലാ സമരങ്ങളും രണ്ടാം ലോക മഹായുദ്ധവും ചേർന്ന് ബ്രിട്ടനെ അതിന് നിർബന്ധിക്കുകയായിരുന്നു. കച്ചവടത്തിനുവന്നവർ നാടിനെ കാൽക്കീഴിലാക്കിയപ്പോൾ അതിനെതിരെ പൊരുതി അറിയപ്പെടുന്നവരും അല്ലാത്തവരുമായ അനേകം രാജ്യസ്നേഹികളുടെ ത്യാഗത്തിന്റെ ഫലമാണ് നമ്മുടെ സ്വാതന്ത്ര്യം.

## സ്വാതന്ത്ര്യത്തിനായി പൊരുതിയ ഇന്ത്യൻ രാജാക്കന്മാർ

തിരുനെൽവേലിയിലെ വീരപാണ്ഡ്യ കട്ടബൊമ്മൻ
മലബാറിലെ പഴശ്ശിരാജ
തിരുവിതാംകൂറിലെ വേലുത്തമ്പി
കൊച്ചിയിലെ പാലിയത്തച്ചൻ
ബീഹാറിലെ കൻവർ സിങ്
ലക്ക്നൗവിലെ ബീഗം ഹസ്റത് മഹൽ
ഝാൻസിയിലെ റാണി ലക്ഷ്മി ഭായി

വീരപാണ്ഡ്യ കട്ടബൊമ്മൻ

കർണാടകയിലെ നവാബിന്റെ സാമന്തനായിരുന്നു തിരുനെൽവേലിയിലെ നാടുവാഴിയായ വീരപാണ്ഡ്യ കട്ടബൊമ്മൻ. പഴശ്ശിരാജയുടെ സമകാലികനായിരുന്നു ഇദ്ദേഹം. പഴശ്ശിക്കുണ്ടായിരുന്നതുപോലെ വിശ്വസ്തരും വീരന്മാരുമായ ഗിരിവർകക്കാർ ഇദ്ദേഹത്തിനും അനുചാരന്മാരായുണ്ടായിരുന്നു. കർണാട്ടിക്ക് നവാബ് കമ്പനിപ്പട്ടാളത്തിന്റെ ആക്രമണത്തിൽ കീഴടങ്ങി. എന്നാൽ യുദ്ദവീരനായ കട്ടബൊമ്മനും സഹായികളും അതിനു തയ്യാറായിരുന്നില്ല. അവർ കാട്ടിലൊളിച്ചു. വനത്തിൽ ചെന്ന് കട്ടബൊമ്മനെയും കൂട്ടരെയും ആക്രമിക്കുന്നതും ബുദ്ധിയല്ല എന്നു മനസ്സിലാക്കിയ പട്ടാളം ബൊമ്മനുമായി സന്ധിയുണ്ടാക്കി .

എന്നാൽ ബൊമ്മന്റെ ഒളിത്താവളം കണ്ടെത്തിയ ബ്രിട്ടീഷ് പട്ടാളം സന്ധിവ്യവസ്ഥകൾ ലംഘിച്ച് അദ്ദേഹത്തെ ആക്രമിച്ചു. കുറെകാലം അമ്പും വില്ലും കൊണ്ട് കട്ടബൊമ്മൻ ചെറുത്തുനിന്നു. എന്നാൽ അദ്ദേഹത്തിന്റെ സുഹൃത്തായ പുതുക്കോട്ട് രാജാവ് കോഴ വാങ്ങി ബൊമ്മനെ ഒറ്റിക്കൊടുത്തു. ഇംഗ്ലീഷുക്കാർ അദ്ദേഹത്തെ പിടിക്കൂടി തൂക്കിലാക്കി.



# മതിലുകൾ ക്കെട്ടി മഴവില്ലു വരയ്ക്കുന്നവർ

വളരെ പാവപ്പെട്ട ഒരു വീട്ടിലെ കുട്ടിയായിരുന്നു ലക്ഷ്മി. എട്ടാം ക്ലാസ്സിൽ പഠിക്കുമ്പൊ മുതൽ തന്നെ അവളുടെ ഏറ്റവും വലിയ ആഗ്രഹം സിവിൽ സർവ്വീസ് പഠിച്ച് I A S ആവണം എന്നതായിരുന്നു. വീട്ടിലെ അവസ്ഥ വളരെ ദയനീയമായതിനാൽ അവൾക്ക് വേണ്ട രീതിയിൽ പഠിക്കാനുള്ള അവസരം ലഭിച്ചിരുന്നില്ല. എന്നും പഠിക്കാനായി ഇരിക്കുമ്പാൾ തന്നെ അവളുടെ അച്ഛൻ മദ്യപിച്ച് വീട്ടിൽ വന്ന് അമ്മയുമായി വഴക്കുണ്ടാക്കുമായിരുന്നു.

എന്നാലും സമയം കിട്ടുമ്പോഴെല്ലാം തന്നെ അവൾ പഠിക്കാനായി ശ്രമിക്കും. ഏറ്റവും വലിയ ആഗ്രഹമായിരുന്ന I A S എന്ന ലക്ഷ്യത്തിലെത്താൻ സ്കൂളിലെ , അവളുടെ ഏറ്റവും പ്രിയപ്പെട്ട ബിന്ദു ടീച്ചർ അവളെ സഹായിക്കുമായിരുന്നു.

അവൾക്ക് ഒരു ചേച്ചിയുണ്ട്. പേര് മീനാക്ഷി. പതിനേഴാം വയസ്സിൽ തന്നെ വിവാഹം കഴിപ്പിച്ചുവിട്ടു. I A S ആവണം എന്നതായിരുന്നു ചേച്ചിയുടെയും ആഗ്രഹം. എന്നാൽ ആ ആഗ്രഹത്തെയെല്ലാം തുടച്ചുനീക്കിക്കൊണ്ടായിരുന്നു ചേച്ചിയുടെ കല്യാണം ആലോചിച്ചത്.

ഇതൊക്കെ കണ്ട് വളർന്നതിനാലായിരിക്കാം , ലക്ഷ്മിക്ക് വളരെ നല്ല ഒരു നിലയിൽ എത്തണം എന്നതാണ് ആഗ്രഹം. പെൺകുട്ടി ആണ് എന്ന ഒറ്റ കാരണത്താലാണ് ലക്ഷ്മിക്കും, ചേച്ചി മീനാക്ഷിക്കും ഈ പരിഗണന ഒന്നും കിട്ടാതിരുന്നത്. പത്താം ക്ലാസ്സിൽ ഫുൾ A+ കിട്ടി ജയിച്ച ലക്ഷ്മിയുടെ ആവശ്യത്തിനും ആഗ്രഹത്തിനും പിന്തുണച്ച അവളുടെ അമ്മ അവളെ അടിമാലിയിലുള്ള അമ്മായിയുടെ വീട്ടിൽ കൊണ്ടാക്കി. പിന്നീടവൾ പഠിച്ചതും വളർന്നതുമെല്ലാം അവിടെ നിന്നായിരുന്നു.

ഇടയ്ക്കൊക്കെ അമ്മ അവളെ കാണാൻ അടിമാലിക്ക് പോകുമായിരുന്നെങ്കിലും അച്ഛന് തീരെ ഇഷ്ടമായിരുന്നില്ല. പെൺകുട്ടികൾക്ക് വിദ്യാഭ്യാസം ഒന്നും വേണ്ട അവരെ വേഗം തന്നെ കെട്ടിച്ചുവിടണം എന്നതാണ് അച്ഛൻ പറഞ്ഞിരുന്നത്. അച്ഛന്റെ വാക്കുകൾക്കെതിരെ പ്രവർത്തിച്ച അവൾ പഠിച്ച് I A S ആയിമാറി. പിന്നീട് ആ നാട് അറിയപ്പെട്ടിരുന്നത് ലക്ഷ്മിയുടെ പേരിലായിരുന്നു. ചേച്ചിക്ക് നേടാൻ പറ്റാതെ പോയ കാര്യം ലക്ഷ്മിയെക്കൊണ്ട് നേടാൻ സാധിച്ചു എന്നതിൽ അവൾ ഏറെ അഭിമാനം കൊള്ളുന്നു. സ്ത്രീവിരുദ്ധമായ പ്രവർത്തനങ്ങൾക്കെതിരെയുള്ള പല കാര്യങ്ങൾ ചെയ്യാൻ അവൾ ശ്രമിക്കുന്നു.



# ഉപന്യാസം

## മാതൃഭാഷയുടെ പ്രാധാന്യം

ഇക്കാലത്തെ നമ്മുടെ കേരളീയസമൂഹത്തിലെ പലർക്കും മറ്റു ഭാഷകളോടാണ് പ്രിയം.ഈ കേരളസമൂഹത്തിലെ പല കുട്ടികൾക്കും മലയാളം എഴുതാനും വായിക്കാനും പറ്റാത്ത സാഹചര്യമാണുള്ളത്.ഇങ്ങനെയുള്ളപ്പോൾ നാം മലയാളഭാഷയ്ക്ക് വളരെയധികം പ്രാധാന്യം നൽകേണ്ടതുണ്ട്.മലയാളം പറയാൻ എല്ലാവർക്കും അറിയാം.എന്നാൽ ഇക്കാലത്ത് മലയാളം എന്ന മനോഹരമായ ഭാഷ കൈയിലുള്ള മലയാളികൾ പല സാഹചര്യങ്ങളിലും മലയാളത്തിനു പകരം ഇംഗ്ലീഷ് വാക്കുകളും,പ്രയോഗങ്ങളും ഉപയോഗിക്കുന്നു.
കേരളസമൂഹത്തിലുള്ള പകുതിയിലേറെ ആളുകൾക്ക് മാത്രമേ മലയാളം നന്നായിട്ട് വായിക്കാനും എഴുതാനും അറിയുകയുള്ളൂ.

ഇക്കാലത്തെ ചെറിയ കുട്ടികളിലേക്കും പോലും മലയാളഭാഷയെ പിൻതള്ളിക്കൊണ്ട് ഇംഗ്ലിഷ് ഭാഷ കടന്നുകൂടുയിരിക്കുകയാണ്.ഇതിനു കാരണം ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ പുരോഗതിയാണ്.ഇന്ന് കേരളത്തിലെ എല്ലാ ജില്ലകളിലും ധാരാളം ഇംഗ്ലിഷ് മീഡിയം സ്കൂളുകളാണുള്ളത്.ഗവൺമെന്റ് സ്കൂളുകൾ ഉണ്ടായിട്ടും കുട്ടികളെ മാതാപിതാക്കൾ ഇംഗ്ലിഷ് മീഡിയം സ്കൂളുകളിലേക്കാണ്  ചേർക്കുന്നത്.അവിടെ അവർ ധാരാളം പണം ചെലവഴിക്കുന്നുമുണ്ട്.ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ കുട്ടികളെ ചേർക്കുന്നത് തെറ്റല്ല.പക്ഷേ അവിടെ നിന്ന് മലയാളം വായിക്കാനും,എഴുതുവാനും ഒരു കഴിവ് കുട്ടികൾക്ക് നൽകണം.അങ്ങനെ മാതൃഭാഷയായ മലയാളത്തിന് കൂടുതൽ പ്രാധാന്യം നൽകിക്കൊണ്ട് വേണം മലയാളികളായ നാം ഓരോരുത്തരും വളരാൻ.

**"അമ്പത്താറക്ഷരമല്ല**
**അമ്പത്തൊന്നക്ഷരവുമല്ല**
**അമ്മ എന്ന ഒരൊറ്റക്ഷരമാണെന്റെ മലയാളം"**

മലയാളഭാഷയിലെ പ്രമുഖ കവിയായിരുന്ന കുഞ്ഞുണ്ണി മാഷ്.മാഷിന്റെ പ്രമുഖമായ ഒരു കവിതയാണിത്.


ഇവിടെ കവി തന്റെ അമ്മയെ സ്നേഹിക്കുന്നതുപോലെതന്നെയാണ് കവി തന്റെ മലയാളഭാഷയെയും സാനേഹിക്കുന്നത്.അമ്മ നമ്മുക്ക് എങ്ങനെയെല്ലാമാണ് അതുപോലെതന്നെയാണ് കുഞ്ഞുണ്ണി മാഷ് എന്ന കവി മലയാളത്തിനും അത്രയേറെ പ്രാധാന്യം നൽകുന്നത്.ഇതുപോലെ തന്നെ നമ്മളും മറ്റു ഭാഷകളെക്കാളും നമ്മുടെ സ്വന്തം മാതൃഭാഷയായ മലയാളത്തെ സ്നേഹിക്കണം.

കേരളസമൂഹത്തിൽ ജീവിക്കുന്ന ഓരോരുത്തരും നിർബസമായും അറിഞ്ഞിരിക്കേണ്ട ഒരു ഭാഷയാണ് മലയാളം.മലയാളമെന്ന ഭാഷയില്ലെങ്കിൽ നാം ഇല്ല എന്നതാണ് സത്യം.മലയാളമെന്ന ഭാഷയിലൂടെ നമ്മുക്ക് ജീവിക്കാനും പ്രമുഖനാകാനും സാധിക്കും.ഒ.എൻ.വിയെ പോലെ പല പല കവിതകളിലൂടെ രചന കളിലൂടെയും നമുക്ക് ഉന്നതിയിലെത്താനാകും.



അതുകൊണ്ട് തന്നെ നാം ഒരിക്കലും നമ്മുടെ മലയാളഭാഷയെ മറന്ന് മറ്റു ഭാഷകൾക്ക് കൂടുതൽ പ്രാധാന്യം നൽകരുത് മലയാളം എന്ന നമ്മുടെ മാതൃഭാഷയെ ഞാൻ എന്റെ അമ്മയ്ക്ക് തുല്യം സ്നേഹിക്കുന്നു.ഒരു മലയാളിയായ ഞാൻ ഈ കേരളസമൂഹത്തിൽ ജനിച്ചതിൽ വളരെ അധികം അഭിമാനിക്കുന്നു. **"മലയാളം തന്നെ എന്റെ ജീവിതം"**

# യാത്ര...



പ്രപഞ്ചം മഹാവിസ്മയം
യാത്രകൾ മധുര സ്മരണകൾ
ദൂരെ ദൂരെ ദിക്കുകൾ
തഴുകിമരും ഇളംകാറ്റ്
അരുണരശ്മികൾ അഴകായ്
പുഷ്പങ്ങൾ ആനന്ദകേളിയായ്
പ്രകൃതിയാം ദേവലോകത്തിൻ
കവാടം എനിക്കായി തുറക്കപ്പെട്ടു
യാത്രകൾ ഒരു സുന്ദര സ്വപ്നം
എനിക്കായ് കാത്തുവച്ച മണിമുത്തുകൾ
പാരിൻ അചഞ്ചലസൗന്ദര്യത്തിൻ
മാറ്റിലൂടെ ഒരു നേർക്കാഴ്ച
കൂട്ടായ് കരുതലായി കൂട്ടുകാരായി
ഒരുപറ്റം നന്മയാർന്ന മാനവർ
രുചിയൂറും വിഭവങ്ങൾ
കാണാത്ത വിസ്മയങ്ങൾ
കേൾക്കാത്ത ശബ്ദങ്ങൾ
അറിയാത്ത അറിവുകൾ

# എന്റെ മലയാളം

മനുഷ്യർ പരസ്പരം ആശയവിനിമയം നടത്തുന്നത് സ്വന്തം മാതൃഭാഷയിലൂടെയാണ്. കേരളത്തിലെ മാതൃഭാഷയാണ് മലയാളം. ഈ മാതൃഭാഷയിലൂടെയാണ് ആധുനിക കവിത്രയങ്ങളായിട്ടുള്ള കുമാരനാശാൻ,ഉള്ളൂർ, എസ്. പരമേശ്വരയ്യർ,വള്ളത്തോൾ നാരായണ മേനോൻ എന്നിവർ സഞ്ചരിച്ച് ആഴങ്ങളിലേക്ക് പതിക്കുന്നത്. അതായത് വായനക്കാർക്ക് മാതൃഭാഷയോടുള്ള സ്നേഹവും ആധരവും വർധിക്കുവാൻ വേണ്ടി തന്നെയാണ് അവർ കവിതയെഴുതുന്നത്.ഇവരെ പോലെ തന്നെയാണ് ചെറുശ്ശേരിയും കുഞ്ഞുണ്ണിമാഷും എല്ലാം.

കുട്ടി ജനിച്ച് ആദ്യം പറയുന്ന വാക്ക് 'അമ്മ ' എന്നാണ്. "അമ്പത്താറക്ഷരമല്ല
അമ്പത്തൊന്നരക്ഷരവുമല്ലെന്റെ മലയാളം
അമ്മയെന്നരൊറ്റക്ഷരമാണ് എന്റെ മലയാളം". ഇത് കുഞ്ഞുണ്ണിമാഷിന്റെ കവിതയാണ്. മലയാളത്തെ വർണ്ണിക്കുന്ന നിരവധി കവികൾ കേരളത്തിലുണ്ട്. അവരെക്കുറിച്ച് വർണ്ണിക്കാനാവില്ല എന്നുള്ളതാണ് മറ്റൊരു സത്യം. മറക്കാൻ കഴിയാത്ത ഒന്നാണ് നമ്മുടെ മാതൃഭാഷ. മാതൃഭാഷയെ സ്വന്തം അമ്മയായി കാണുക്കുക.

ഇന്നത്തെ സമൂഹത്തിൽ ഏറെ പ്രാധാന്യം ലഭിക്കേണ്ടതല്ലേ നമ്മുടെ മാതൃഭാഷയ്ക്ക്. എന്നാൽ ഇന്നത്തെ കേരളീയ സമൂഹത്തിൽ നിന്നും തികച്ചും ഒരു പ്രാധാന്യവും പരിഗണനയും ലഭിക്കുന്നില്ല. നമ്മുടെ മാതൃഭാഷയ്ക്ക്. അതുകൊണ്ട് തന്നെ നമ്മൾ മാതൃഭാഷയുടെ ഉയർച്ചയ്ക്ക് വേണ്ടി പ്രയതിക്കേണ്ടതാണ്.



# EDITORIAL BOARD

## CHIEF EDITORS

SREEBHA K.B
RAGHI P. R



## EDITORS

AVRIN MARY MISHEL
EMI BIJU
REVATHY K. R
NIYA ROY
ADARSH P. S



# നന്ദി

എം എം ജി എച്ച് എസ് കാപ്പിസെറ്റിലെ ലിറ്റിൽകൈറ്റ്സ് '2022-2025'ബാച്ചിന്റെ ഉദ്യമമായ ഡിജിറ്റൽ മാഗസിൻ 'ഡിജികിഡ്സ് 'വിജയകരമായി പൂർത്തിയാക്കുവാൻ ഞങ്ങളോട് സഹകരിച്ച,സഹചരിച്ച എല്ലാ അധ്യാപകർക്കും ഞങ്ങളുടെ കൂട്ടുകാർക്കും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി അറിയിക്കുന്നു.

